# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി9/1189/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 21/11/2025
ഇ-മെയിൽ: ddhgifalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ).
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി/പി9/1189/2025 തീയ്യതി: 21/11/2025

## <u>ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 38 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-09-2025 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേതു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### <u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

<u>**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിതാദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2025 | 20-09-2025 |

<u>**ഓഡിറ്റിന് വിനിയോഗിച്ച സമയം :**</u>

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2025 | 20-09-2025 |

<u>**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**</u>

ശ്രീമതി ദീപ കെ.ഗോപാൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധ്യ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രാജി എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ബിനു സുരേഷ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എൻ സജീവൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.റ്റി.ഡി.ഹരികുമാർ | സെക്രട്ടറി | 01-04-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിന്ധു ആർ ദാസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ഡോ. സബിത വിജയൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-10-2024 |
| ഡോ.ഷബാന | മെഡിക്കൽ ഓഫീസർ, ഹോമിയോ (ചാർജ്ജ്) | 01-11-2024 | 09-03-2025 |
| ഡോ.മനോജ്.പി.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 10-03-2025 | 31-03-2025 |
| ശ്രീമതി..ശ്രീദേവി ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ആറാട്ടുപുഴ സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീ.മുഹമ്മദ് സുഹൈൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ആറാട്ടുപുഴ നല്ലാണിക്കൽ സർക്കിൾ) | 01-04-2024 | 31-03-2025 |
| ശ്രീമതി.സരിത എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 30-09-2024 |
| ശ്രീമതി.ആരതി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ (ചാർജ്ജ്) | 01-10-2024 | 31-10-2024 |
| ശ്രീമതി.ജയശ്രീ.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-11-2024 | 31-03-2025 |
| ശ്രീമതി.ഐശ്വര്യ റ്റി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. പ്രിയങ്ക വി.എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ഡോ. ഷമീർ സിദ്ദിഖ് | മെഡിക്കൽ ഓഫീസർ, ഗവ:ഫിഷറീസ് ഡിസ്പെൻസറി | 01-04-2024 | 31-03-2025 |
| ഡോ.രശ്മി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീ.പ്രകാശ് കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി. ഹൈറുന്നിസ എൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 31-07-2024 |
| ശ്രീമതി.അർച്ചന.എം.എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-08-2024 | 01-08-2024 |
| ശ്രീമതി.കവിത.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 02-08-2024 | 31-03-2025 |
| ഡോ. ഷെറിൻ.എം | മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി. | 01-04-2024 | 31-03-2025 |
| ശ്രീമതി.സജീദ.എസ് | ഹെഡ്മിസ്ട്രസ്സ് ,ഗവ.എൽ.പി.എസ് . മംഗലം | 01-04-2024 | 31-05-2024 |
| ശ്രീമതി.നീതുമോൾ.ആർ | എൽ.പി.എസ്.എ. ഹെഡ്മിസ്ട്രസ്സ് (ചാർജ്ജ്), | 01-06-2024 | 13-06-2024 |
| ഡോ. ഹേമ നായർ | വെറ്ററിനറി സർജൻ (ചാർജ്ജ്) | 01-04-2024 | 02-04-2024 |
| ഡോ. ജിൻസി ജോർജ്ജ് | വെറ്ററിനറി സർജൻ | 03-04-2024 | 30-12-2024 |
| ഡോ.ദിവ്യ.ആർ.തങ്കം | വെറ്ററിനറി സർജൻ | 31-12-2024 | 31-03-2025 |
| ശ്രീമതി സുബൈദ | ഹെഡ്മിസ്ട്രസ്, എൽ.പി.എസ്.മംഗലം | 14-06-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുക ശരിയായി അക്കൌണ്ട് ചെയ്യുന്നില്ല | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | വാട്ടർ ചാർജിനത്തിലുള്ള ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-3 |
| 5 | സംയുക്ത പ്രോജക്ടുകൾ - ബാധ്യതകൾക്കാനുപാതികമായി ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പില്ല | 1-1-4 |
| 6 | വാർഷികധനകാര്യപത്രികക്കൊപ്പം റേഷ്യോസ് പത്രിക ഹാജരാക്കിയില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം | 1- 9 |
| 15 | വസ്തുനികുതി പരിഷ്ക്കരണം - ഫീൽഡ് തല സർവ്വേ വിവരശേഖരണം പൂർത്തിയായില്ല | 1-10 |
| 16 | 60 ച.മീ. തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിൽ അപാകതകൾ | 1- 11 |
| 17 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ | 1- 12 |
| 18 | ഇ-ടെണ്ടറുമായി ബന്ധപ്പെട്ട വരവു തുകകൾ ഗ്രാമപ്പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം ഒടുക്കുവരുത്തിയില്ല | 1- 13 |
| 19 | ജൽജീവൻ മിഷൻ - പ്രോജക്ടിന്റെ ഭാഗമായി റോഡ് റെസ്റ്റോറേഷൻ ഫീസ് അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല | 1- 14 |
| 20 | മണ്ണിന് റോയൽറ്റി ഒടുക്കിയതിൽ കുറവ്- സർക്കാർ ഫണ്ടിന് നഷ്ടം | 1- 15 |
| 21 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ- സബ്സിഡിയിനത്തിൽ അധിക തുക അനുവദിച്ചു | 1- 16 |
| 22 | മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ് ടോപ്പ് - അനർഹർക്ക് നൽകി | 1- 17 |
| 23 | മിശ്രവിവാഹിതർക്ക് ധനസഹായം - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല | 1- 18 |

| | | |
|---|---|---|
| 24 | സ്ട്രീറ്റ് ടാപ്പ് ഡിസ്മാന്റിലിംഗ് ചാർജ്ജ് - വിനിയോഗരേഖകൾ ഹാജരാക്കിയില്ല | 1- 19 |
| 25 | പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക - ഒടുക്കിയ തുക ബില്ലിൽ ക്രമീകരിച്ചില്ല | 1- 20 |
| 26 | നിക്ഷേപപ്രവൃത്തികൾക്ക് വിവിധ ഏജൻസികൾക്ക് നൽകിയ തുക -വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല | 1- 21 |
| 27 | പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തിക്കായി ലക്ഷങ്ങൾ ചെലവഴിക്കുന്നു | 1- 22 |
| 28 | ധനവിനിയോഗം മാത്രം- ബഡ്സ് സ്കൂൾ അടഞ്ഞുകിടക്കുന്നു | 1- 23 |
| 29 | ചെലവ് സംബന്ധിച്ച വിശദാംശം / രേഖകൾ ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു | 1- 24 |
| 30 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല | 1- 25 |
| 31 | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ - ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല | 1-26 |
| 32 | പത്താംതരം തുല്യത – പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1- 27 |
| 33 | അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യ കിറ്റ് - പദ്ധതി വിഹിതം പൂർണമായും ചെലവഴിച്ചില്ല | 1- 28 |
| 34 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഒടുക്കിയില്ല | 1- 29 |
| 35 | ഹോമിയോ ആശുപത്രി നവീകരണം - സർവ്വേ റിപ്പോർട്ട് തയ്യാറാക്കി സ്ക്രാപ്പ് ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല | 1- 30 |
| 36 | മരാമത്ത് പ്രവൃത്തികളിൽ ഇൻഷുറൻസ് പോളിസി എടുക്കുകയോ പിഴ തുക ഈടാക്കുകയോ ചെയ്തിട്ടില്ല | 1- 31 |
| 37 | കട്ടിൽ വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 1- 32 |
| 38 | പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റിയില്ല, പഞ്ചായത്ത് ആർജ്ജിച്ച വസ്തുവകകൾ ആസ്തിയിൽ ഉൾപ്പെടുത്തിയില്ല | 1- 33 |
| 39 | ബയോ ബിൻ – നിർവഹണ രേഖകൾ പൂർണമല്ല | 1- 34 |
| 40 | ഗുണഭോക്തൃ വിഹിതം പൂർണമായും ചെലവഴിച്ചില്ല | 1- 35 |
| 41 | പ്രവൃത്തി പൂർത്തീകരണം - നിയമാനുസൃത പിഴ ഒഴിവാക്കി നൽകുന്നു | 1- 36 |
| 42 | ജി.എസ്.റ്റി. സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല | 1- 37 |
| 43 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1- 38 |
| 44 | ജൽജീവൻ പദ്ധതി അവലോകനം | 1-39 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കറവ പശുക്കൾക്ക് കാലിത്തീറ്റ - സബ്സിഡിയിനത്തിൽ അധിക തുക അനുവദിച്ചു | 3-1 |
| **ഭാഗം 4** | | |

| | | |
|---|---|---|
| 1 | മെഡിസെപ് - വിവരശേഖരണം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1-1 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുക ശരിയായി അക്കൗണ്ട് ചെയ്യുന്നില്ല

തൻവർഷം വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഇറിഗേഷൻ വകുപ്പ്, അനെർട്ട് എന്നീ സ്ഥാപനങ്ങളിൽ വിവിധ പദ്ധതികൾക്കായി തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിവരം RP-49ൽ ഉൾപ്പെടുത്തിയിട്ടില്ല. ഇറിഗേഷൻ വകുപ്പിൽ നിക്ഷേപിച്ച തുക ബാലൻസ് ഷീറ്റ് – ഷെഡ്യൂൾ B18 ലും ഉൾപ്പെടുത്തിയില്ല.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പോളിസി നിർദ്ദേശങ്ങളും അനുസരിച്ച് 03.05.2025-ലെ 2(1)-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 13.05.2025-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്വമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ആറാട്ടുപുഴ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലങ്ങളെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-2 വാട്ടർ ചാർജിനത്തിലുള്ള ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല

വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം 31.03.2025 ലെ വാട്ടർ ചാർജിനത്തിലുള്ള ബാധ്യത 16,88,21,420/- രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ഈ തുക ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. കുടിശ്ശിക തുകയിൽ വ്യക്തത ഇല്ലാത്തതിനാലാണ് വാർഷികകണക്കിലുൾപ്പെടുത്താതിരുന്നതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക്(നം. 04/12.09.25) മറുപടി ലഭ്യമാക്കിയത്.

## 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള എല്ലാ വസ്തുവകകളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ ആസ്തിവിവരങ്ങൾ പൂർണ്ണമായും അപ്‌ഡേറ്റ് ചെയ്യുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ലഭ്യമല്ലാത്തതാണ് അപാകതക്ക് കാരണമായി അറിയിച്ചത്.

## 1-1-4 സംയുക്ത പ്രോജക്ടുകൾ - ബാധ്യതകൾക്കാനുപാതികമായി ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ചതിൽ താഴെപ്പറയുന്ന തുകകൾ ചെലവഴിക്കാതവശേഷിക്കുന്നു.

| Code | Head | Amount |
|---|---|---|
| 320700104 | Contribution For Joint Venture From Block Panchayath | 3,90,000 |
| 320700205 | Contribution For Joint Venture From District Panchayath | 2,20,123 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 1,90,869 |
| 320700404 | Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | 1,70,200 |

എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-17 പ്രകാരം Sub Treasury -Joint Venture Account എന്ന അക്കൗണ്ടിൽ നീക്കിയിരിപ്പൊന്നുമില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4 തീയതി 12.09.2025) സംയുക്തപ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിലെ തുക 31.03.25-ന് സർക്കാർ പിൻവലിച്ചുവെന്നാണ് അറിയിച്ചത്. എന്നാൽ ട്രഷറി റിഡക്ഷനിൽ ജനറൽ പർപ്പസ് ഫണ്ട് അക്കൗണ്ടിലെ തുക മാത്രമാണുൾപ്പെട്ടിട്ടുള്ളത്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-5 വാർഷികധനകാര്യപത്രികക്കൊപ്പം റേഷ്യോസ് പത്രിക ഹാജരാക്കിയില്ല

കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ - 2011, പ്രകാരമുള്ള റേഷ്യോസ് പത്രിക വാർഷിക ധനകാര്യപത്രികക്കൊപ്പം ഹാജരാക്കിയില്ല.

## 1-2 ബജറ്റ്

09.02.2024 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം 2024-25 ലെ ബജറ്റ് അംഗീകരിച്ചു. 03.3.2025 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 36,69,48,618 | 37,80,43,232 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | 31,45,66,769 | 30,12,23,228 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,03,46,671 |
| വരവ് | 8,49,80,785 |
| ആകെ | 11,53,27,456 |
| ചെലവ് | 8,47,36,642 |
| നീക്കിയിരിപ്പ് | 3,05,90,814 |

## 1-4 ഫണ്ട് വിനിയോഗം

| | മുന്നിരിപ്പ് | സോഫ്റ്റിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 34,28,581 | 4,78,90,419 | 5,13,19,000 | 4,32,58,816 | 80,60,184 (ലാപ്സായി) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 20,000 | 27,57,000 | 27,77,000 | 24,31,350 | 3,45,650 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 1,72,08,000 | 1,72,08,000 | 1,23,30,898 | 48,77,102 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | 0 | 0 | 1,29,72,000 | 1,29,72,000 | 85,45,820 | 44,26,180 (ലാപ്സായി) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക് | 77,18,152 | 0 | 92,24,777 | 1,69,42,929 | 91,83,475 (Bank Charge-109/-) | 77,59,454 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 63,03,149 | 0 | 1,83,51,500 | 2,46,54,649 | 1,05,15,998 | 1,41,38,651 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ഷെറി) | 0 | 0 | 45,99,435 | 45,99,435 | 28,18,236 (CC-154698) | 17,81,199 (ലാപ്സായി) |
| പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്കീം -3 രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 4,76,743 | 0 | 4,26,191 | 9,02,934 | 4,62,210 | 4,40,724 |
| പതിനഞ്ചാം ഹെൽത്ത് സെക്ടർ ഗ്രാന്റ് -സ്കീം -4 ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ | 6,164 | 0 | 6,52,824 | 6,58,988 | 0 | 6,58,988 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | പൂർത്തിയാക്കിയത് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 244 | 22,59,87,191 | 12,55,77,242 | 124 | 26 | 94 | 51 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 800 | 14,16,226 | 14,17,026 | 14,16,039 | 987 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 15,16,64,240 | 15,16,64,240 | 15,16,64,240 | 0 |
| Capital Contribution | | 11,90,760 | 11,90,760 | 11,90,760 | |
| ആകെ | 800 | 15,42,71,226 | 15,42,72,026 | 15,42,71,039 | 987 |

## 1-7 ക്ഷേമ പദ്ധതികൾ

തന്‍വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4,84,800 | 26 |
| വിധവാ പെൻഷൻ | 1,49,92,400 | 1120 |
| വാർദ്ധക്യകാല പെൻഷൻ | 2,42,05,600 | 1939 |
| വികലാംഗ പെൻഷൻ | 70,41,800 | 456 |
| അവിവാഹിത പെൻഷൻ | 11,43,400 | 86 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.09.2025-ൽ 4.00 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,075/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എന്നിരുന്നാലും താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1) 01.04.23 മുതൽ നടപ്പിലാക്കിയ വസ്തുനികുതി പരിഷ്കരണം ഓഡിറ്റ് കാലയളവിലും പ്രാവർത്തികമാക്കിയിട്ടില്ല.

2) തനത് വരുമാനം വളരെ പരിമിതമായ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങളുടെ സാധ്യത ആരായുന്നില്ല.

3) പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തിക്കായി തുക ചെലവഴിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

4) പദ്ധതി പൂർത്തീകരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ഭൂരിപക്ഷം ഫയലുകളിലും സൂക്ഷിക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വസ്തുനികുതി പരിഷ്കരണം - ഫീൽഡ് തല സർവ്വേ വിവരശേഖരണം പൂർത്തിയായില്ല

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ കെട്ടിടം മറ്റേതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണോ നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസ് നൽകേണ്ടതുണ്ട്. മേൽപറഞ്ഞവിവരങ്ങൾ നാളിതുവരെ അറിയിക്കാതിരുന്ന കെട്ടിട ഉടമകൾക്ക് (സ. ഉ (കൈ)77/2023/തസ്വഭവ തീയതി 22.03.23 പ്രകാരം) 2023 മെയ് 15-നകം വിവരങ്ങൾ അറിയിക്കുന്ന പക്ഷം ചട്ടങ്ങൾ പ്രകാരമുള്ള പിഴകളിൽ നിന്ന് ഒഴിവാക്കിയിരുന്നു. ഉടമ അറിയിച്ചാലും ഇല്ലെങ്കിലും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ ഡേറ്റാബേസിൽ ഉൾപ്പെടുത്തി 30.06.2023 നകം നികുതി പുനർനിർണ്ണയിക്കേണ്ടതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ജോലികൾ നിലവിലും പൂർത്തീകരിച്ചിട്ടില്ല.

22.03.2023 ലെ സഉ(കൈ) നം.77/2023/LSGD ഉത്തരവിൽ കെട്ടിടങ്ങളുടെ ശരിയായ വിവരം സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ (ഖണ്ഡിക 6 മുതൽ 24 വരെ) ലഭ്യമാക്കിയിരുന്നു. പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/11.09.2025) വിവരശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എന്ന സ്ഥാപനത്തിനെ 22.02.2023 ലെ അടിയന്തിര യോഗത്തിലെ 1(4) നമ്പർ തീരുമാനപ്രകാരം നിയമിച്ചതായും ആകെയുള്ള 18 വാർഡിലിലെ 9631 കെട്ടിടങ്ങളിൽ 8889 കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തീകരിച്ചതായും ഖണ്ഡിക 16 പ്രകാരമുള്ള ഉദ്യോഗസ്ഥതല പരിശോധന നടത്തിയിട്ടില്ലെന്നും വിവരശേഖരണം പൂർത്തീകരിച്ചതിനുശേഷം ഉദ്യോഗസ്ഥതല പരിശോധന നടത്തുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ ഫീൽഡ് തല പരിശോധനയിൽ മാറ്റം കണ്ടെത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. പരിശോധന പൂർത്തിയാക്കിയ വാർഡുകളിലെ വിവരങ്ങൾ കാലികമാക്കാൻ സോഫ്റ്റ്‌വെയറിൽ ഐ.കെ.എം ക്രമീകരണം വരുത്തിയിട്ടില്ലെന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞവ നിലവിൽ പൂർത്തിയാക്കി ഡേറ്റാബേസ് അപ്ഡേറ്റ് ചെയ്യാത്തത് ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാന ചോർച്ചക്ക് കാരണമാകുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു. വാർഡുകളിലെ വിവരശേഖരണം പൂർത്തീകരിച്ച് വസ്തുനികുതി പരിഷ്കരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1- 11 60 ച.മീ. തറവിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിൽ അപാകതകൾ

ജി.ഒ.(എം.എസ്).144/15/തസ്വഭവ.തീയതി 27.04.2015, ജി.ഒ(എം.എസ്).358/15/ തസ്വഭവ, തീയതി 16.12.2015 എന്നിവ പ്രകാരം 60 ച.മീ. (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വസ്തു നികുതി സംബന്ധിച്ച് സഞ്ചയ വെബ് സൈറ്റ് പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | വാർഡ് നം./ കെട്ടിട നം. | വിസ്തീർണ്ണം |
|---|---|---|---|
| 1 | പുരുഷൻ/മണി | 2/581 | താഴത്തെ നില – 40ച.മീ |
| | | 2/580 | താഴത്തെ നില – 40ച.മീ |
| 2 | അൻസാരി | 17/483B | താഴത്തെ നില – 58.68ച.മീ |
| | | 17/239B | താഴത്തെ നില – 22ച.മീ |

മേൽ അപാകതയുടെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/19.09.2025) പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയത് പരിശോധിക്കുകയും നികുതി പുനഃസ്ഥാപിക്കേണ്ട കെട്ടിടത്തിന്റെ നികുതി പുനഃ സ്ഥാപിച്ചും വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. അനധികൃതമായി നികുതി ഒഴിവാക്കിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച രേഖകൾ സഹിതം ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1- 12 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205, 1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/ വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് അടിസ്ഥാനമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നതും തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്നതും എന്നാൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതുമായ സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അക്ഷയ കേന്ദ്രങ്ങൾ |
| 2 | കള്ള് ഷാപ്പുകൾ |
| 3 | പൊതു വിതരണ കേന്ദ്രങ്ങൾ |
| 4 | അജന്റസ് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ |

2) 1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് 1,250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2024-25 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഷൈൻ ഫിനാൻസ്, വഴിയഴീക്കൽ റോഡ് | I & II |
| 2 | നിള ഫിനാൻസ് | |
| 3 | മുത്തൂറ്റിൽ ഫിനാൻസിയേഴ്സ് ലിമിറ്റഡ്, ആറാട്ടുപുഴ | |

3) ഗ്രാമപഞ്ചായത്തിലെ ഒന്നിലധികം മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള താഴെപ്പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരാറുകാരുടെ പേര് ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരുടെ പേര് |
|---|---|
| 1 | അജി യു. |
| 2 | ഗോപാലകൃഷ്ണപിള്ള |
| 3 | സനൽ കുമാർ |
| 4 | അലൻ മാത്യു |
| 5 | കൃഷ്ണകുമാർ എൻ. |
| 6 | ശ്യാമള ഷാജഹാൻ |
| 7 | വിനീത് വി. |
| 8 | അജൻ എ. |
| 9 | ഹരിലാൽ |
| 10 | ഉത്തമൻ കെ. |
| 11 | ബെൻസിലാൽ ധർമ്മപാലൻ |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/16.09.2025) 2024-25 വർഷം തൊഴിൽ നികുതി ഈടാക്കുവാനുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1- 13 ഇ-ടെണ്ടറുമായി ബന്ധപ്പെട്ട വരവ് തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം ഒടുക്കുവരുത്തിയില്ല**

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017 -ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.ബി.ഐ. കായംകുളം ശാഖയിൽ 38580519272 നമ്പർ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് ടെണ്ടർ ഫീ ഇനത്തിലും മറ്റും ലഭിക്കുന്ന തുക യഥാസമയം തദ്ദേശസ്ഥാപനങ്ങളുടെ തനതുഫണ്ടിലേക്ക് അടവാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ പരിപാലിക്കുന്ന അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 1.4.24 ൽ 2,10,984/- രൂപ മുന്നിരിപ്പും 31.3.25 ൽ 3,49,264/- രൂപ നീക്കിയിരിപ്പും ഉണ്ട്. വരവുതുകകൾ യഥാസമയം പഞ്ചായത്തിന്റെ തനതുഫണ്ടിൽ അടവാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 24/18.9.25 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക തനത് ഫണ്ടിലേക്ക് മാറ്റിയിടേണ്ടതാണ്.

## 1- 14 ജൽജീവൻ മിഷൻ - പ്രോജക്ടിന്റെ ഭാഗമായി റോഡ് റെസ്റ്റോറേഷൻ ഫീസ് അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല

വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്ന ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പദ്ധതി പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ പ്രവർത്തി നടത്തുന്നതിന് റോഡ് റെസ്റ്റോറേഷൻ ഫീസിനത്തിൽ തുക ഒടുക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുവാനും റെസ്റ്റോറേഷൻ ഫീസ് ഒടുക്കാതെ പ്രവർത്തി ആരംഭിച്ചിട്ടുള്ള പക്ഷം ഇതിന്മേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 25/18.9.25 നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ മറ്റ് നിർവ്വഹണ ഏജൻസികൾ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്ന പക്ഷം റോഡ് റെസ്റ്റോറേഷൻ ഫീസ് ഒടുക്കു വരുത്തി പഞ്ചായത്ത് അനുമതിയോടെ മാത്രം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നുള്ളുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

## 1- 15 മണ്ണിന് റോയൽറ്റി ഒടുക്കിയതിൽ കുറവ്- സർക്കാർ ഫണ്ടിന് നഷ്ടം

| | | | |
|---|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | | |
| പ്രോജക്ട് നം. | S0162/25 -സ്പിൽ ഓവർ | | |
| പ്രോജക്ടിന്റെ പേര് | വിട്ടുകിട്ടിയ മണ്ണിന് റോയൽറ്റി അടവാക്കൽ | | |
| ഫണ്ട് | തനത്ഫണ്ട് | മറ്റുള്ളവ | ആകെ |
| അടങ്കൽ | 6,50,000/- | 8,00,000/- | 14,50,000 |
| ചെലവ് | 1,07,675/- | 86,261/- | 1,93,936 |
| ട്രഷറി ചെക്ക് നം., തീയതി | എംപ്പ് 1071976/31.08.24 | | |

വലിയഴീക്കൽ ഹാർബറിനോട് ചേർന്ന് കൂട്ടിയിട്ടിരിക്കുന്ന വേസ്റ്റ് മണലിൽ നിന്നും 8000 $M^3$ മണൽ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടിയിരുന്നു. ടി മണൽ ഗതാഗതം ചെയ്യുന്നതിന് മെട്രിക് ടണ്ണിന് 80/-രൂപ റോയൽറ്റിയും റോയൽറ്റിയുടെ 2% ടി സിഎസും (Tax Collection At Source) ഒടുക്കാൻ മൈനിംഗ് & ജിയോളജി വകുപ്പ് ആവശ്യപ്പെട്ടിരുന്നു (DOALA-DMG-893/2023-M/18.10.23 നം കത്ത്). പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളുടെയും പഞ്ചായത്ത് തെരഞ്ഞെടുത്ത മറ്റ് അനുബന്ധ സ്ഥാപനങ്ങളുടെയും പരിസരത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തിട്ടപ്പെടുത്തിയത് പ്രകാരം മണ്ണിട്ടുയർത്തുന്ന ആവശ്യത്തിലേക്ക് വിനിയോഗിക്കുന്നതിനായാണ് ഈ മണ്ണ് ഏറ്റെടുക്കാൻ മേൽ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചത്. (07.08.24 ലെ 17(2) തീരുമാനം) അസിസ്റ്റന്റ് എഞ്ചിനീയർ, എൽഎസ്ജിഡിഇഡബ്ല്യു വിഭാഗം തിട്ടപ്പെടുത്തിയത് പ്രകാരം ഘടകസ്ഥാപനങ്ങൾക്കും പഞ്ചായത്ത് തെരഞ്ഞെടുത്ത മറ്റ് സ്ഥാപനങ്ങൾക്കും ആവശ്യമായ മണലിന്റെ അളവ്, ഒടുക്കേണ്ട റോയൽറ്റി, ടിസിഎസ് എന്നിവയുടെയും പഞ്ചായത്ത് ഒടുക്കിയ തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | ആവശ്യമായ മണ്ണ് (മെട്രിക് | ഒടുക്കേണ്ട തുക (റോയൽറ്റിയും | ഒടുക്കിയ തുക | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ടണ്ണ്) | റ്റിസിഎസും) | | |
| പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങൾ | 1427.27 | 116465 | 107675 | 8790 |
| മറ്റ് സ്ഥാപനങ്ങൾ | 1945.06 | 158717 | 86261 | 72456 |
| ആകെ | | 275182 | 193936 | 81246 |

മേൽ പട്ടികയിൽ വിവരിച്ച പ്രകാരം, നികുതി ഇനത്തിൽ 81,426/-രൂപ കുറച്ചാണ് സർക്കാരിലേക്ക് അടച്ചത്. തുക കുറവായി ഒടുക്കിയതിന്റെ കാരണം, മണൽ നീക്കത്തിന്റെ നിലവിലെ അവസ്ഥ എന്നിവ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.29/19.09.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് ഗതാഗതം ചെയ്ത മണലിന്റെ അളവ് ലഭ്യമല്ലാത്തതിനാൽ ടി ഇനത്തിൽ സർക്കാർ ഫണ്ടിനുണ്ടായ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്താനാകുന്നില്ല. മണലുപയോഗിക്കുന്നതിന് ആനുപാതികമായി സർക്കാരിലേക്ക് ഒടുക്കുവാനുള്ള നികുതികൾ ക്രമപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് ഉപയോഗിച്ച മണലിന്റെ അളവ്, റോയൽറ്റി, റ്റിസിഎസ് ഇനത്തിൽ ഒടുക്കിയ തുക എന്നിവയുടെ വിശദമായ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1- 16 കറവപ്പശുക്കൾക്ക് കാലിത്തീറ്റ- സബ്സിഡിയിനത്തിൽ അധിക തുക അനുവദിച്ചു

പ്രോജക്ട് നമ്പർ S0022/25

പ്രോജക്ടിന്റെ പേര് - കറവ പശുക്കൾക്ക് വേനൽക്കാല കാലിത്തീറ്റ

നിർവഹണം - വെറ്ററിനറി സർജൻ

ചെലവ്

1 ) 2,96,940 രൂപ (Utr No.RBI0742501642696/14.3.25, വികസന ഫണ്ട് ജനറൽ)

2 ) 2,96,940 രൂപ (Utr No.RBI0832514125853/24.3.25, വികസന ഫണ്ട് ജനറൽ)

3 ) 2,96,940 രൂപ (ചെക്ക് നം. 17438/28.3.25, ഗുണഭോക്തൃ വിഹിതം)

മേൽ പ്രോജക്ടിലുൾപ്പെടുത്തി 392 ബാഗ് കാലിത്തീറ്റ 1515 രൂപ/ബാഗ് നിരക്കിൽ കേരള ഫീഡ്സ്, കരുനാഗപ്പള്ളിയിൽ നിന്നും വാങ്ങി ക്ഷീരകർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം.115/2022/ത.സ്വ.ഭ.വ/28.5.2022 ഖണ്ഡിക 6.3.16 പ്രകാരം 50% തുക പദ്ധതി വിഹിതവും 50% തുക ഗുണഭോക്തൃവിഹിതവുമായാണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് വികസന ഫണ്ടിൽ നിന്നും 5,93,880 രൂപയും ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചിട്ടുള്ള 2,96,940 രൂപയും കേരള ഫീഡ്സിന് നൽകിയിട്ടുണ്ട്. എന്നാൽ കേരള ഫീഡ്സ് 5,93,880 രൂപയുടെ കാലിത്തീറ്റ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. അതിനാൽ കേരള ഫീഡ്സിന് അധികം അനുവദിച്ച 2,96,940 രൂപ ഈ സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

അധികതുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/20.9.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.
കേരള ഫീഡ്സിൽ നിന്ന് വാങ്ങിയ കാലിത്തീറ്റയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| ഇൻവോയിസ് നം. | കാലിത്തീറ്റയുടെ അളവ്, നിരക്ക് | ആകെ തുക |
|---|---|---|
| KFLP1-24-25-038468/5.2.25 | 102 Bag, (1515/Bag) | 1,54,530 |
| KFLP1-24-25-038469/5.2.25 | 62 Bag, (1515/Bag) | 93,930 |
| KFLP1-24-25-038470/5.2.25 | 32 Bag, (1515/Bag) | 48,480 |
| KFLP1-24-25-044500/14.3.25 | 102 Bag, (1515/Bag) | 1,54,530 |
| KFLP1-24-25-044502/14.3.25 | 32 Bag, (1515/Bag) | 48,480 |

| | | |
|---|---|---|
| KFLP1-24-25-044501/14.3.25 | 62 Bag, (1515/Bag) | 93,930 |

**1- 17 മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ് ടോപ്പ് - അനർഹർക്ക് നൽകി**

പ്രൊജക്ട് നമ്പർ - S040/25 (സ്പിൽ ഓവർ)

അടങ്കൽ - 11,50,000/- (വികസനഫണ്ട് സാധാരണ വിഹിതം)

ചെലവ് - 11,25,000/-

BRN – 2407092012901588285/19.3.25

നിർവ്വഹണം - സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

പ്രൊജക്ടിലുൾപ്പെടുത്തി 30 എയ്സർ ലാപ്ടോപ്പുകൾ ബ്രൈറ്റ് പേൾസ് അഡ്വൈസർ സ്പോർട്സ്, ആലപ്പുഴയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പ്രൊജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു.

1. 30 ലാപ്ടോപ്പുകൾ വാങ്ങിയെങ്കിലും വിതരണ രജിസ്റ്റർ പ്രകാരം 28 ലാപ്ടോപ്പുകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ലാപ് ടോപ്പുകൾ വിതരണം ചെയ്യാതിരുന്നതിന്റെ കാരണം ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം നൽകിയതിന് 2 ലാപ്ടോപ്പുകൾ ഉടൻ തന്നെ വിതരണം ചെയ്യുന്നതാണെന്ന് മറുപടിയിൽ അറിയിച്ചു. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യുന്നത് വരെ 2 ലാപ്ടോപ്പിനായി ചെലവഴിച്ച 75,000/- രൂപ തടസ്സപ്പെടുത്തുന്നു.

2. സ.ഉ.(കൈ) 115/2022/ ഫിഷറീസ്/തീ. 28.5.22 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.3.1 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക് ഡിപ്ലോമ, എഞ്ചിനീയറിംഗ്, മെഡിക്കൽ സയൻസ്, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന സർക്കാർ/എയ്ഡഡ് സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും ഗവേഷണ വിദ്യാർത്ഥികൾക്കും സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ്പ് നൽകാവുന്നത്. എന്നാൽ ഗോപിക ബി. വലിയകാട്ടിൽ, മംഗലം എന്ന വിദ്യാർത്ഥിയുടെ അപേക്ഷയോടൊപ്പം കാനറ ബാങ്ക് സെന്റിനറി റൂറൽ ഡെവലപ്പ്മെന്റ് ട്രസ്റ്റ് നടത്തുന്ന സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ & എന്റർപ്രണർഷിപ്പ് പ്രോഗ്രാമിൽ 1.10.24 മുതൽ 31.12.24 വരെ പങ്കെടുത്തതിന്റെ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. അപാകത വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് അപേക്ഷ സമർപ്പിച്ച സമയത്ത് വിദ്യാർത്ഥിനി ഡിഗ്രിക്ക് പഠിക്കുകയായിരുന്നുവെന്നും ആയതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. രേഖകൾ ഹാജരാക്കുന്നത് വരെ 37,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. ലാപ്ടോപ്പ് കൈപ്പറ്റിയ ആയിഷാമോൾ.എച്ച്. ഫാത്തിമ മൻസിൽ, ആറാട്ടുപുഴ എന്ന ഗുണഭോക്താവിന്റെ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെയാണ് ലാപ്ടോപ്പ് നൽകിയത്. രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം – 19/17.9.25 നൽകിയതിന് കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. രേഖകൾ ലഭ്യമാക്കുന്നത് വരെ 37,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ അപാകതകളാൽ 1,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1- 18 മിശ്രവിവാഹിതർക്ക് ധനസഹായം - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല**

പ്രൊജക്ട് നമ്പർ – S0060/25

പ്രൊജക്ടിന്റെ പേര് - മിശ്രവിവാഹിതർക്ക് ധനസഹായം

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ്

1 ) 75,000 രൂപ ( TRN No. 24070900000006679/18.12.2024 , വികസനഫണ്ട് എസ്.സി.പി)

2 ) 75,000 രൂപ ( TRN No. 24070900000009814/24.3.2025 , വികസനഫണ്ട് എസ്.സി.പി )

3 ) 75,000 രൂപ ( TRN No. 24070900000009815/24.3.2025 , വികസനഫണ്ട് എസ്.സി.പി)

മേൽ പദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾക്ക് 75,000 രൂപ വീതം വിവാഹ ധനസഹായം നൽകിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ രതീഷ് ആർ., രതീഷ് ഭവനം & റാണി ആർ., കമലാലയം എന്ന ഗുണഭോക്താക്കളുടെ

അപേക്ഷയിൽ റാണി ആർ. എസ്.സി. വിഭാഗത്തിൽ ആണെങ്കിലും രതീഷ് ആറിന്റെ ജാതി സർട്ടിഫിക്കറ്റ് അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ മിശ്രവിവാഹിതർ ആണെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

മേൽ പറഞ്ഞിട്ടുള്ള അപാകതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് നൽകിയ 75,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1- 19 സ്ട്രീറ്റ് ടാപ്പ് ഡിസ്മാന്റിലിംഗ് ചാർജ്ജ് - വിനിയോഗരേഖകൾ ഹാജരാക്കിയില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | S0 150/25 |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് ടാപ്പ് ഡിസ്മാന്റിലിംഗ് ചാർജ്ജ് ഒടുക്കവരുത്തൽ |
| ഫണ്ട് | വികസനഫണ്ട് |
| അടങ്കൽ | 547468 |
| ചെലവ് | 547468 |
| ബിൽ നം, തീയതി | 447468/- -RBI2962480780498/21.10.24 |
| | 100000/- RBI13512497980670/14.12.24 |

പഞ്ചായത്ത് പരിധിയിലെ 966 എണ്ണം ടാപ്പുകളിൽ സംയുക്തപരിശോധനയിൽ ഉപയോഗശൂന്യമെന്ന് കണ്ടെത്തിയ 748 എണ്ണം നീക്കംചെയ്യുക എന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം (26.03.24ലെ 18 (1) തീരുമാനം) എസ്റ്റിമേറ്റ് ലഭ്യമാക്കിയാണ് 5,47,468/-രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്. 2023-24 വർഷം ഡെപ്പോസിറ്റ് ചെയ്ത 6,16,561/- രൂപയുമുൾപ്പെടെ ആകെ 11,64,029/- രൂപ രണ്ടുവർഷങ്ങളിലായി ഡിസ്മാന്റിലിംഗ് പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഫയലിൽ ലഭ്യമായ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള 22.07.24 ലെ കത്തിൽ (നം.പിഎച്ച്എക-08/20) സംയുക്ത പരിശോധനയിൽ ആകെ ടാപ്പുകളുടെ എണ്ണം 975 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം 966 എന്നും അറിയിച്ചു. എന്നാൽ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയ സംയുക്തപരിശോധനാ റിപ്പോർട്ട് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.12/15.09.25) നൽകിയെങ്കിലും ആയത് ഓഡിറ്റിൽ ലഭ്യമാക്കിയില്ല. സംയുക്തപരിശോധനാറിപ്പോർട്ടിന്റെ അഭാവത്തിൽ ടാപ്പുകളുടെ കൃത്യമായ എണ്ണം ലഭ്യമാകുന്നില്ല. ഡിസ്മാന്റിലിംഗ് പ്രവൃത്തിക്കായി എഗ്രിമെന്റ് വെക്കുന്നതിന് മുദ്രപത്രം നൽകിയെങ്കിലും വാട്ടർ അതോറിറ്റി കരാർ ഒപ്പുവെച്ചിട്ടില്ല എന്നും മറുപടി നൽകി. കരാർ ഒപ്പുവെക്കാതെ തുക അനുവദിച്ചത് കാരണം പ്രവൃത്തി അനന്തമായി നീണ്ടുപോകാനുള്ള സാഹചര്യം നിലനിൽക്കുന്നു. പൊതു ടാപ്പുകൾ ഡിസ്മാന്റിൽ ചെയ്തത് പ്രകാരം ഡിമാന്റ് ബിൽ ക്രമീകരിക്കുകയോ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ പ്രവൃത്തിക്കായി ഈവർഷം ചെലവഴിച്ച 5,47,468/- രൂപ തടസ്സപ്പെടുത്തുന്നു.

**1- 20 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക - ഒടുക്കിയ തുക ബില്ലിൽ ക്രമീകരിച്ചില്ല**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | S0065/25 |
| പ്രോജക്ടിന്റെ പേര് | പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 6459000 |
| ചെലവ് | 6459000 |
| | |

| | | |
|---|---|---|
| ബിൽ നം,തീയതി | 1945350 | XVFC/24-25/P/35/18.01.25 |
| | 1945350 | XVFC/24-25/P/36/22.01.25 |
| | 2568300 | XVFC/24-25/P/37/31.01.25 |

966 എണ്ണം പൊതുടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം ഡിമാന്റ് 11,72,000/- രൂപയാണ്. 10/23 മുതൽ 03/24 വരെയുള്ള മാസങ്ങളിലെ ഡിമാന്റ് തുകയിൽ നിന്നും (1172000X6 =7032000/-) 64,59,000/-രൂപയാണ് ടി പദ്ധതി പ്രകാരം വാട്ടർഅതോറിറ്റിയിൽ ഒടുക്കിയത്. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

1) 04.07.24 ലെ ഡിമാന്റ് നോട്ടീസിൽ (നം.86459) ടാപ്പുകളുടെ എണ്ണം 966, 05.08.24 ലെ ഡിമാന്റ് നോട്ടീസിൽ (നം.87410) ടാപ്പുകളുടെ എണ്ണം 975 എന്നും രേഖപ്പെടുത്തിയിരിക്കുന്നു. തുടർന്ന് ഓഡിറ്റിൽ ലഭ്യമാക്കിയ ഫെബ്രുവരി, 2025 ലെ ഡിമാന്റ് നോട്ടീസ് (92932/05.02.25) പ്രകാരവും ടാപ്പുകളുടെ എണ്ണം 975 ആണ്. എന്നാൽ 03/25ലെ ഡിമാന്റ് നോട്ടീസിൽ (നം.92932) ടാപ്പുകളുടെ എണ്ണം 928 ആണ്. ഡിമാന്റ് ബില്ലുകൾ പ്രകാരമുള്ള പൊതുടാപ്പുകളുടെ എണ്ണത്തിലെ വ്യത്യാസത്തിന്റെ കാരണം ഓഡിറ്റ് അന്വേഷണത്തിലൂടെ (നം.13/15.09.25) ആവശ്യപ്പെട്ടുവെങ്കിലും വിശദമാക്കിയില്ല. പ്രസ്തുത അപാകത യഥാസമയം വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാര നടപടികൾ സ്വീകരിച്ചില്ല എന്നതാണിത് വ്യക്തമാക്കുന്നത്.

2) വെള്ളക്കരത്തിന്റെ കുടിശ്ശിക ഇനത്തിൽ 2024-25 വർഷം അടച്ച തുക ബില്ലിൽ ക്രമീകരിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല. 64.5 ലക്ഷം രൂപ തദ്‌വർഷം ഒടുക്കിയെങ്കിലും ടി തുക തുടർ ബില്ലുകളിൽ ക്രമീകരിച്ച് ഡിമാന്റ് ബിൽ ലഭ്യമാക്കാത്ത വാട്ടർ അതോറിറ്റിയുടെ നടപടി കാരണം കുടിശ്ശിക, ഫൈൻ ഇനങ്ങളിൽ വിണ്ടുമുണ്ടാകുന്ന വർദ്ധനവ് പഞ്ചായത്തിന് അധിക ബാധ്യത സൃഷ്ടിക്കുന്നു.

3) പഞ്ചായത്തിന്റെ വെള്ളക്കരയിനത്തിലെ കുടിശ്ശിക 31.03.25 വരെ 16,88,21,420/-രൂപയാണ്. കോടികളുടെ കുടിശ്ശികയുള്ളപ്പോഴും പ്രതിമാസം വെള്ളക്കരം അടവാക്കാൻ നടപടികൾ സ്വീകരിക്കുന്നില്ല. ഡിസ്മാന്റിലിംഗ് പ്രവൃത്തി പൂർത്തിയാക്കി കുടിവെള്ളടാപ്പുകളുടെ എണ്ണം ക്രമീകരിച്ച് ഡിമാന്റ് നോട്ടീസ് ലഭ്യമാകാത്തതിനാലാണ് പ്രതിമാസം വെള്ളക്കരം അടക്കാത്തതെന്ന് മറുപടിയിൽ അറിയിച്ചു.

4) പ്രതിമാസവെള്ളക്കരം അടവാക്കേണ്ടതില്ല എന്നത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടില്ല.

5) പൊതുടാപ്പുകളുടെ കുടിശ്ശിക ഇനത്തിൽ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുക സംബന്ധിച്ച് പഞ്ചായത്തിൽ കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നുണ്ടെങ്കിൽ ആയതും മുൻവർഷങ്ങളിൽ പ്രോജക്റ്റിൽ നിന്നും തുക കുറവ് ചെയ്തുവെങ്കിൽ ആയതിന്റെ വിവരവും ആവശ്യപ്പെട്ടുവെങ്കിലും ടി വിവരങ്ങൾ ലഭ്യമല്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. ഇത് കാരണം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന കുടിശ്ശികയുടെ കൃത്യത പരിശോധിച്ചുറപ്പാക്കാൻ സ്ഥാപനത്തിന് കഴിയുന്നില്ല.

വെള്ളക്കരം കുടിശ്ശികയായി ഒടുക്കിയ തുക ഡിമാന്റിൽ കുറവ് ചെയ്ത് വിശദാംശം ലഭ്യമാക്കുന്നത് വരെ ചെലവഴിച്ച 64,59,000/- രൂപ തടസ്സപ്പെടുത്തുന്നു. സ.ഉ (കൈ) നം. 119/2022 LSGD തീയതി 06.06.2022 പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശിക തുക യഥാസമയം അടയ്ക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്കാണെന്നും തുക അടയ്ക്കുന്നതിലെ കാലതാമസത്തിനുള്ള പിഴ സെക്രട്ടറിമാരുടെ വ്യക്തിപരമായ ബാധ്യതയാണെന്നും പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ പ്രതിമാസ വെള്ളക്കരം അടവാക്കാതിരിക്കുന്നത് ക്രമപ്രകാരമല്ല. പൊതുടാപ്പുകളുടെ വെള്ളക്കരയിനത്തിലുള്ള പഞ്ചായത്തിന്റെ ഭീമമായ ബാധ്യത പരിഹരിക്കുന്നതിന് സത്വര നടപടികൾ അനിവാര്യമാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## <u>1- 21 നിക്ഷേപപ്രവൃത്തികൾക്ക് വിവിധ ഏജൻസികൾക്ക് നൽകിയ തുക -വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ നിക്ഷേപപ്രവൃത്തികളുടെയും ബ്ലോക്ക് പഞ്ചായത്തിന് വിഹിതം അനുവദിക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയുടെയും വിവരം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്റ്റ് നം. | S0250/25 |
| പ്രോജക്റ്റിന്റെ പേര് | തോടുകളും കുളങ്ങളും മാലിന്യമുക്തമാക്കലും സംരക്ഷണവും |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |

ടി പദ്ധതിയുടെ ഭാഗമായി അസിസ്റ്റന്റ് എഞ്ചിനീയർ, മേജർ ഇറിഗേഷൻ, കായംകുളത്തിന്റെ എസ്റ്റിമേറ്റ് പ്രകാരം ഇറിഗേഷൻ വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | തുക, ചെലവ് വിവരം |
|---|---|
| കൊച്ചുകിഴക്കതിൽ തോട്, വാർഡ് 7 | 5,00,000/-<br>UTR നം.RBI0892543445876/ 30.03.25 |
| പഞ്ചായത്ത് തോട്, വാർഡ് 12 | 4,00,000/-<br>UTR നം.RBI0892543445875/30.03.25 |
| പള്ളിക്കടവ് തോട്, വാർഡ് 13 | 5,50,000/-<br>UTR നം.RBI0892543445877/30.03.25 |
| ഇടശ്ശേരിക്കാട്ടിൽ ആകത്തുകായൽ തോട് വാർഡ് 13,14 | 10,50,000/-<br>UTR നം.RBI0892543445878/30.03.25 |
| ആകെ | 25,00,000/- |

2)

| | |
|---|---|
| പ്രോജക്ട് നം. | S0083/25 |
| പ്രോജക്ടിന്റെ പേര് | പൊതുമരാമത്ത് പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| അടങ്കൽ | 50,000/- |
| ചെലവ് | 37,743/- |
| ബിൽ നം., തീയതി | RBI2682412036431/24.09.24 |

ആറാട്ടുപുഴ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 04.09.24-ലെ എസ്റ്റിമേറ്റ് പ്രകാരം ഫിഷറീസ് ഹോസ്പിറ്റലിന് സമീപം ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനായാണ് കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്തത്.

3)

| | | | |
|---|---|---|---|
| പ്രോജക്ട് നം. | S00 67/25 | | |
| പ്രോജക്ടിന്റെ പേര് | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | | |
| ഫണ്ട് | വികസനഫണ്ട് | ജില്ലാപഞ്ചായത്ത് വിഹിതം | ആകെ |
| അടങ്കൽ | 550000 | 543948 | 1093948 |
| ചെലവ് | 550000 | 543948 | 1093948 |
| ബിൽ നം., തീയതി | 233700/- (RBI0802511543334/21.03.25)<br>316300/- (RBI0722599629512/13.03.25) | 543948/- 240709000000009623/21.03.25 | |

4,5 വാർഡുകളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരമാണ് പദ്ധതിക്കായി തുക (10,93,948/-) വിനിയോഗിച്ചത്

4) സോളാർ പാനൽ സ്ഥാപിക്കൽ, സോളാർ ലൈറ്റ് സ്ഥാപിക്കൽ എന്നിവക്കായി അനെർട്ടിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് പ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എ)

| | |
|---|---|
| പ്രോജക്ട് നം. | S0278/25 |
| പ്രോജക്ടിന്റെ പേര് | കൊച്ചിയുടെ ജെട്ടി പാലത്തിൽ ലൈറ്റ് സ്ഥാപിക്കൽ |
| ഫണ്ട് | മലബാർ സിമന്റ്സിൽ നിന്നും ലഭിച്ചത് |
| അടങ്കൽ | 4,50,000/- |
| ചെലവ് | 4,15,700/- |
| യുറ്റിആർ നം., തീയതി | RBI08530677633/25.03.25 |

ബി)

| | | |
|---|---|---|
| പ്രോജക്ട് നം. | S0091/25 | |
| പ്രോജക്ടിന്റെ പേര് | പൊതുജനം അടുക്കുന്ന സ്ഥലങ്ങളിൽ സോളാർലൈറ്റ് സ്ഥാപിക്കൽ | |
| ഫണ്ട് | ധനകാര്യകമ്മീഷൻഗ്രാന്റ് | |
| അടങ്കൽ | 5,00,000/- | |
| ചെലവ് | 4,75,086/- | |
| യുറ്റിആർ നം., തീയതി | 4,50,000 | XVFC/24-25/P/64/24.03.25 |
| | 25,086 | XVFC/24-25/P/71/28.03.25 |

സി)

| | |
|---|---|
| പ്രോജക്ട് നം. | S0212/25 |
| പ്രോജക്ടിന്റെ പേര് | നല്ലാണിക്കൽ സ്കൂളിന് സോളാർ പാനൽ സ്ഥാപിക്കൽ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| അടങ്കൽ | 2,33,750/- |
| ചെലവ് | 2,33,750/- |
| യുറ്റിആർ നം., തീയതി | RBI04325260026725/11.02.25 |

ഡി)

| | |
|---|---|
| പ്രോജക്ട് നം. | S0219/25 |
| പ്രോജക്ടിന്റെ പേര് | ബഡ്സ് സ്കൂളിൽ സോളാർ പാനൽ സ്ഥാപിക്കൽ |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| അടങ്കൽ | 2,50,250/- |
| ചെലവ് | 2,50,250/- |
| റ്റിആർഎൻ നം., തീയതി | 240709000000008129/11.02.25 |

മേൽ പട്ടിക പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭിച്ചതിന്റെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കിയില്ല.

5)

| | |
|---|---|
| പ്രോജക്ട് നം. | S0227/25 |
| പ്രോജക്ടിന്റെ പേര് | എബിസി പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിന് തുക നൽകൽ |
| ഫണ്ട് | വികസനഫണ്ട് (ജനറൽ) |
| അടങ്കൽ | 3,00,000/- |
| ചെലവ് | 3,00,000/- |
| | |

| | |
|---|---|
| ബിൽ നം.തീയതി | RBI10442528027895/12.02.25 |

എബിസി പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിന് വസ്തു വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കിയില്ല. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ക്രമ നം.ഒന്നു മുതൽ അഞ്ചു വരെ പദ്ധതികൾക്കായി ചെലവഴിച്ച 53,06,477/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ആവശ്യപ്പെട്ട് നൽകിയ 14/15.09.25, 26/19.09.25, 27/19.09.25 എൻക്വയറികളിൽ 14/15.09.25 ന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. ക്രമ നം. 3 ൽ സ്ട്രീറ്റ് മെയിൻപദ്ധതിക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം കെ.എസ്.ഇ.ബി. യിൽ നിന്നും ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചു.

## 1- 22 പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത പ്രവൃത്തിക്കായി ലക്ഷങ്ങൾ ചെലവഴിക്കുന്നു

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നം. | S0279/25 | |
| പ്രോജക്ടിന്റെ പേര് | വാർഡ് 18- എസ് എൻ മന്ദിരം കുഴൽകിണർ നിർമ്മാണം- വാട്ടർ അതോറിറ്റിക്ക് തുക നൽകൽ | |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് | |
| അടങ്കൽ | 7,00,000/- | |
| ചെലവ് | 7,00,000/- | |
| വൌച്ചർ നം., തീയതി | 6,30,000 | XVFC/24-25/P/44/13.03.25 |
| | 70,000 | XVFC/24-25/P/62/21.03.25 |

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു-

1. 2021-22 വർഷം കുഴൽകിണർ നിർമ്മാണത്തിനായി 7,75,000/-രൂപ നിക്ഷേപിച്ചതിൽ 7,60,984/-രൂപ ചെലവായതായും ബാക്കി 14,016/- രൂപ സെക്രട്ടറിയുടെ അക്കൗണ്ടിൽ തിരികെ നിക്ഷേപിക്കുന്നതിന് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് 07.12.24 ൽ ഭൂജലവകുപ്പ് കത്ത് (എ-1436/22 നം) നൽകിയിട്ടുണ്ട്. തുക തിരികെ ലഭിച്ചതിന്റെയും ലഭ്യമായ തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് മടക്കിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയില്ല.

2. നിർമ്മാണം പൂർത്തിയായ കുഴൽകിണർ പ്രവർത്തനക്ഷമമാക്കുന്നതിനായി വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ പമ്പ്ഹൗസ് നിർമ്മാണം, പൈപ്പ് ലൈൻ സ്ഥാപിക്കൽ, കുഴൽകിണർ കമ്മീഷനിംഗ് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾക്കായാണ് തൻവർഷം 7,00,000/- രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത്. വാട്ടർ അതോറിറ്റിക്ക് ഗുണകരമായ പ്രവൃത്തിക്കായി വിവിധ വർഷങ്ങളിലായി പഞ്ചായത്ത് ഇപ്രകാരം ലക്ഷങ്ങൾ ചെലവഴിച്ചപ്പോൾ പഞ്ചായത്തിന് ക്ഷേമകരമായ എന്തെങ്കിലും വ്യവസ്ഥകൾ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റിയുമായ കരാറിലേർപ്പെട്ടിട്ടില്ല. പ്രസ്തുത ടാങ്കിൽ നിന്നും പൊതുടാപ്പുകളിലൂടെ ലഭ്യമാകുന്ന ജലത്തിന് വെള്ളക്കരം അടവാക്കേണ്ടതായ സാഹചര്യവും നിലനിൽക്കുന്നു. പഞ്ചായത്ത് രാജ് നിയമ/ ചട്ടങ്ങൾ പ്രകാരം ഇത്തരത്തിലൊരു പ്രവൃത്തി നിർവ്വഹണം പഞ്ചായത്തിന്റെ ചുമതലകളിൽ ഉൾപ്പെടുന്നതല്ല. പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ കോടികളുടെ കുടിശ്ശികയുള്ള പഞ്ചായത്ത് ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാതെയാണ് വാട്ടർ അതോറിറ്റിക്ക് ലാഭകരമായ പ്രവൃത്തിക്കായി വിവിധ വർഷങ്ങളിലായി ലക്ഷങ്ങൾ ചെലവഴിച്ചിരിക്കുന്നത്. വെള്ളക്കരമിനത്തിൽ തൻവർഷം ഒടുക്കിയ തുക ബില്ലിൽ ക്രമീകരിച്ച് ലഭ്യമാക്കാത്തത്, പൊതുടാപ്പുകളുടെ ഡിസ്കണക്ടിംഗിന് തുക അടച്ചെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്ത അവസ്ഥ എന്നിവയും നിലനിൽക്കുന്നു. ഇത്തരത്തിലൊരു പദ്ധതി നിർവ്വഹണം വഴി പഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാകുമെങ്കിലും യഥാർത്ഥത്തിൽ ആയതിന്റെ ലാഭം പൂർണ്ണമായും ലഭിക്കുന്നത് വാട്ടർഅതോറിറ്റിക്കാണ്. ജലജീവൻമിഷൻ പദ്ധതി നടപ്പാക്കുക വഴി എല്ലാ കുടുംബങ്ങൾക്കും വ്യക്തിഗത ഗാർഹികകണക്ഷൻ ലഭ്യമാക്കി ജലലഭ്യത ഉറപ്പാക്കാവുന്നതും വെള്ളക്കരമിനത്തിൽ നിലവിൽ പഞ്ചായത്തിനുള്ള കോടികളുടെ ബാധ്യത ഒഴിവാക്കാനാവുന്നതുമാണ്. മറ്റൊരുസ്ഥാപനത്തിന് ഗുണകരമായ പ്രവൃത്തിക്കായി ലക്ഷങ്ങൾ ചെലവിടുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് പ്രകാരം പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ പദ്ധതിക്കായി ചെലവഴിച്ച 7,00,000/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.28/19.08.25) മറുപടി ലഭ്യമാക്കിയില്ല.

## 1- 23 ധനവിനിയോഗം മാത്രം- ബഡ്സ് സ്കൂൾ അടഞ്ഞുകിടക്കുന്നു

ഗ്രാമപഞ്ചായത്ത് വാർഡ് 11 ൽ നല്ലാണിക്കൽ സ്കൂളിന് സമീപത്തായാണ് ബഡ്സ് സ്കൂളിന് കെട്ടിടം പണിതിട്ടുള്ളത്. എന്നാൽ നിലവിലും കെട്ടിടത്തിൽ ബഡ്സ് സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സെക്രട്ടറി നടപ്പാക്കിയ ബഡ്സ് സ്കൂളിൽ സോളാർ പാനൽ സ്ഥാപിക്കൽ എന്ന പദ്ധതിയിൽ 2,50,250/- രൂപയും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ബഡ്സ് സ്കൂൾ നവീകരണം പദ്ധതിയിൽ 3,07,311/- രൂപയുമുൾപ്പെടെ ആകെ 5,57,561/-രൂപ 2024-25 വർഷം മാത്രം പ്രവർത്തിക്കാത്ത സ്കൂളിനായി ചെലവഴിച്ചിട്ടുണ്ട്. ഇത് കൂടാതെ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ ബഡ്സ് സ്കൂൾ സാനിറ്ററി വൈദ്യുതീകരണം എന്ന പദ്ധതിയിൽ 1,50,535/-രൂപയും 2023-24 വർഷം ബഡ്സ് സ്കൂൾ നവീകരണം എന്ന പദ്ധതിയിൽ 2,83,239/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പദ്ധതിപ്പണം എങ്ങനെയും ചെലവഴിച്ച് ചെലവ് ശതമാനം വർദ്ധിപ്പിക്കുക എന്നതിലുപരി ചെലവഴിക്കുന്ന പണത്തിന്റെ യഥാർത്ഥ പ്രയോജനം പ്രദേശത്തെ ജനങ്ങൾക്കുറപ്പാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തുന്നില്ല എന്നതാണ് പ്രവർത്തനമാരംഭിക്കാത്ത സ്ഥാപനത്തിനായി വർഷം തോറും പദ്ധതി രൂപീകരിച്ച് തുക ചെലവഴിക്കുന്നതിൽ നിന്നും വ്യക്തമാകുന്നത്. യഥാർത്ഥത്തിൽ ഇത് പദ്ധതിപ്പണത്തിന്റെ ദുർവ്യയമാണ്. പ്രവർത്തനമാരംഭിക്കാത്ത സ്ഥാപനത്തിൽ സോളാർപാനലിനായാണ് അനെർട്ടിൽ തൻ വർഷം രണ്ട് ലക്ഷത്തിലധികം രൂപ നിക്ഷേപിച്ചിരിക്കുന്നത് എന്നതും ശ്രദ്ധേയമായ കാര്യമാണ്. വിവിധ വർഷങ്ങളിലായി ഇത്രയേറെ രൂപ ചെലവഴിച്ചുവെങ്കിലും കെട്ടിടം ഉപയോഗയോഗ്യമല്ലാതെ പൊടിപടലം നിറഞ്ഞ് വൃത്തിഹീനമായ അവസ്ഥയിലാണെന്ന് 19.09.25 ൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. ബഡ്സ് സ്കൂളിൽ നിയമിക്കാനുള്ള ടീച്ചറിന്റെ ഇന്റർവ്യൂ കഴിഞ്ഞിട്ടുണ്ടെന്നും എത്രയും വേഗം സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതാണെന്നുമാണ് ഓഡിറ്റ് സമാപനയോഗത്തിൽ വൈസ് പ്രസിഡന്റ് അറിയിച്ചത്. സ്കൂൾ പ്രവർത്തന സജ്ജമാക്കി പ്രദേശത്തെ കുട്ടികൾക്ക് പ്രയോജനപ്പെടുത്തി ചെലവഴിച്ച തുകയുടെ ഫലപ്രാപ്തി ഉറപ്പാക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.




## 1- 24 ചെലവ് സംബന്ധിച്ച വിശദാംശം / രേഖകൾ ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹിച്ച ചുവടെ ചേർക്കുന്ന പദ്ധതികളിലെ ചെലവ് സംബന്ധിച്ച വിശദാംശം / രേഖകൾ ലഭ്യമാക്കിയില്ല

1. വരൾച്ചാബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി നടപ്പാക്കിയ കുടിവെള്ളവിതരണം -2024 എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം.S0160/25) തൻവർഷം ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തുക | ബിൽ നം., തീയതി |
|---|---|
| 151500 | RBI2202437874038/06.08.24 |
| 362573 | RBI2512485197527/06.09.24 |

മേൽ പട്ടികയിൽ വിവരിച്ച പ്രകാരം കുടിവെള്ളവിതരണത്തിനായി വികസനഫണ്ടിൽ നിന്നും 5,14,073/- രൂപ ചെലവഴിച്ചുവെങ്കിലും 1,51,500/-രൂപയുടെ (11.01.24 മുതൽ 06.03.24 വരെ കുടിവെള്ളം വിതരണം ചെയ്തതിന്റെ) ചെലവിന് ആസ്പദമായ രേഖകൾ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ബാക്കി തുകയുടെ (362573/-)ചെലവ് രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.38/20.09.25) മറുപടി ലഭ്യമാക്കിയില്ല.

2. കോവിഡ് 19 പ്രതിരോധപ്രവർത്തനങ്ങൾ എന്ന പദ്ധതിയിലുൾപ്പെടുത്തി (S0146/25) 30.09.20 മുതൽ 23.10.20 വരെയുള്ള കാലയളവിലെ ആംബുലൻസ് വാടക (നം.KL-29-R-1656 & KL-29-M-5937 നം വാഹനങ്ങൾ) ഇനത്തിൽ 64,300/- രൂപയും ആംബുലൻസ് ഡ്രൈവറുടെ ഭക്ഷണ (ചവറ ഐ ആർ.ഇ വിട്ടുനൽകിയ

വാഹനത്തിന്റെ) ചെലവിനത്തിൽ 10,250/- രൂപയും പൾസ് ഓക്സിമീറ്റർ വാങ്ങിയ ഇനത്തിൽ ത്രിവേണി സൂപ്പർ മാർക്കറ്റിന് നൽകാനായി 51,000/-രൂപയുമുൾപ്പെടെ 1,25,550/-രൂപ (ചെക്ക് നം.17410/04.01.25) ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ ഈ വർഷം ചെലവഴിച്ചിട്ടുണ്ട്. നാലുവർഷം മുൻപ് നടത്തിയ ചെലവിനുള്ള തുക 2024-25 സാമ്പത്തിക വർഷം പ്രൊജക്ട് രൂപീകരിച്ച് ചെലവഴിച്ചതിന്റെ കാരണം വിശദമാക്കാനായി ഓഡിറ്റ് അന്വേഷണത്തിലൂടെ (നം.30/19.09.25) ചുവടെ ചേർക്കുന്ന വിവരങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

എ) 2020-21 വർഷമാണ് ചെലവ് നടന്നതെങ്കിലും ബന്ധപ്പെട്ട വ്യക്തികൾ / സ്ഥാപനത്തിന് ആ വർഷം തുക നൽകിയിരുന്നില്ല എന്നത് വ്യക്തമാക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.

ബി) തുക അനുവദിക്കുന്നതിനായി 2021-22 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ പദ്ധതി (സ്പിൽ ഓവർ) രൂപീകരിച്ച് അംഗീകാരം നേടിയിരുന്നതിന്റെ വിവരം ലഭ്യമാക്കിയില്ല.

സി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള പദ്ധതിക്കായി 2020-21 വർഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തിയിരുന്നതിലും വിഹിതം ലഭിക്കുവാൻ കാലതാമസം നേരിട്ടുവെങ്കിൽ ആയതും വിശദമാക്കിയില്ല.

ടി വിവരങ്ങളുടെ അഭാവത്തിൽ 2024-25 വർഷം, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്ന പേരിൽ പദ്ധതി രൂപീകരിച്ച് 2020-21 വർഷത്തെ തുക അനുവദിച്ചതിൽ വ്യക്തതയില്ല.

3. പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ചെലവുകൾ എന്ന പദ്ധതിയിൽ (S0001/25) വികസനഫണ്ട് വകയിരുത്തി 1,76,891/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു-

| ക്രമ നം. | ബിൽ നം., തീയതി | തുക |
|---|---|---|
| 1 | 240709000000004545 /30.09.24 | 67,950 |
| 2 | 240709000000006445 /13.12.24 | 12,638 |
| 3 | 240709000000006677 /21.12.24 | 17,700 |
| 4 | 240709000000007194 /09.01.25 | 19,470 |
| 5 | 240709000000007716/29.01.25 | 25,141 |
| 6 | 240709000000010077 /27.03.25 | 14,526 |
| 7 | 240709000000008956 /10.03.25 | 600 |
| 8 | 240709000000010078 /27.03.25 | 12,317 |
| 9 | 240709000000010081 /27.03.25 | 6,549 |
| | ആകെ | 1,76,891/- |

മേൽ പട്ടികയിൽ, ഗ്രാമസഭാ നോട്ടീസ്, ഗുണഭോക്തൃ ഫോറം അപേക്ഷകൾ, ഗുണഭോക്തൃ ലിസ്റ്റ് എന്നിവയുടെ പ്രിന്റിംഗ്, പത്രപ്പരസ്യം, ഗുണഭോക്തൃ ലിസ്റ്റ് സ്പൈറൽ ബൈൻഡിംഗ്, വികസന സെമിനാറുമായി ബന്ധപ്പെട്ട വിവിധ ചെലവുകൾ എന്നിവക്കായുള്ള 1,42,899/-രൂപയുടെ ചെലവ് രേഖകൾ (ക്രമ നം.ഒന്നു മുതൽ അഞ്ചു വരെ) ഫയലിൽ സൂക്ഷിച്ചിരുന്നുവെങ്കിലും ക്രമനം. ആറു മുതൽ ഒൻപതു വരെയായി ചെലവഴിച്ച 33,992/- രൂപയുടെ ഷെറി ബില്ലുകളുടെ പകർപ്പുകൾ മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിരുന്നത്. ടി ചെലവുകൾക്ക് ആധികാരികമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. ചെലവ് രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/19.09.25) മറുപടിയും ലഭ്യമാക്കിയില്ല.

4. [illegible] നടപ്പാക്കിയ തെരുവുവിളക്ക് പരിപാലനം പദ്ധതിയിൽ (S0168/25) ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 2,59,570/-രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിക്കായി ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ശ്രീ.സനൽകുമാർ, യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്നയാളിന്റെ ടെണ്ടർ അംഗീകരിച്ച് (04.03.24ലെ 1(1) തീരുമാനം) 11.03.24 ൽ എഗ്രിമെന്റ് വെച്ചാണ് പ്രവൃത്തി നടപ്പാക്കിയത്. ടെണ്ടർ പ്രകാരം അംഗീകരിച്ച നിരക്കുകൾ ചുവടെ ചേർക്കുന്നു.

| Type Of Street Light | AMC Per Year(Incl.GST) |
|---|---|
| LED Street Light | 450 |
| LED Bulb Set | 350 |
| LED Tube Set | 350 |
| Labour Charge | 85 |

എന്നാൽ 02.05.24-ൽ കരാറുകാരൻ ഹാജരാക്കിയ ബിൽ പരിശോധിച്ചതിൽ ഇനം, നിരക്ക് എന്നിവ രേഖപ്പെടുത്തിയതും മേൽ പട്ടിക പ്രകാരം ക്വാട്ട് ചെയ്ത തുകയും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| Description Of Goods | Quantity | Total |
|---|---|---|
| LED Street Light | 17 | 2,74,067 |
| LED Bulb Set | 924 | 6,483 |
| Labour Charge | 177 | 12,750 |
| Gst | | 52,794 |
| Total | | 3,46,094/- |

ഈ ബില്ല് പ്രകാരം കരാറുകാരൻ ആവശ്യപ്പെട്ട 3,46,094/-രൂപയിൽ 2,59,570/-രൂപ (XVFC/24-25/P/29/04.11.24)യാണ് പദ്ധതി പ്രകാരം അനുവദിച്ചത്.
അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30/19.09.25) മറുപടി ലഭ്യമാക്കിയില്ല.

5.

| | |
|---|---|
| പ്രോജക്ട് നം. | S0003/25 |
| പ്രോജക്ടിന്റെ പേര് | പ്രോജക്ട് അസിസ്റ്റന്റിന് വേതനം |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 48,330/- |
| വൗച്ചർ നം., തീയതി | 44,580/- XVFC/24-25/P/3/31.07.24 |
| | 3750/- XVFC/24-25/P/3/01.08.24 |

01.04.2024 മുതൽ 11.06.24 വരെയുള്ള കാലയളവിലെ വേതനമായാണ് 48,330/- രൂപ ചെലവഴിച്ചത്. 31.03.24 ൽ കരാർ അവസാനിച്ചുവെങ്കിലും വേതനം നൽകിയ കാലയളവിൽ ജോലിയിൽ തുടരുന്നതിനായി പ്രോജക്ട് അസിസ്റ്റന്റിന് കരാർ പുതുക്കി നൽകിയിരുന്നില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/13.09.25) മറുപടി ലഭ്യമാക്കിയില്ല.
പരാമർശിത അപാകതകൾ കാരണം ക്രമ നം.1 മുതൽ 5 വരെ പദ്ധതികളിൽ ചെലവഴിച്ച 8,30,015/- (362573+1,25,550+33992+259570+48330) രൂപ തടസ്സപ്പെടുത്തുന്നു.

## 1- 25 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

| **പ്രോജക്ട് നം.** | S0042/25 |
|---|---|
| **നിർവഹണ ഉദ്യോഗസ്ഥൻ** | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| **പ്രോജക്ടിന്റെ പേര്** | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ |
| **ഫണ്ട്** | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| **അടങ്കൽ** | 3,00,000/- |
| **ചെലവ്** | 3,00,000-/ (ബി ആർ എൻ നം. 24070952004701037745/ 15.12.2024) |

മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് 13.12.2024-ലെ ORDER/04D03/2024-2025 നം ഓർഡർ പ്രകാരം ഹോംകോ, പാതിരപ്പള്ളിക്ക് 3,00,000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. 17.01.2025 ലെ LF-2237 നം. ഇൻവോയ്സ് പ്രകാരം 1,27,629/- രൂപയുടെയും 11.03.2025-ലെ LF-2885 ഇൻവോയ്സ് നം. പ്രകാരം 1,12,152/- രൂപയുടെയും മരുന്നുകൾ ഹോമിയോ ഡിസ്പെൻസറിക്ക് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന 60,219/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/12.09.2025) മരുന്ന് ലഭ്യമാക്കുവാൻ ഹോംകോയിലേക്ക് മെയിൽ മുഖാന്തിരവും ഫോൺ മുഖാന്തിരവും ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്ന് ലഭ്യമാകുന്ന പക്ഷം സ്റ്റോക്ക് എൻട്രി നടത്തി വിവരം അറിയിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കി.

അടിയന്തിരമായി മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-26 മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ - ആവശ്യമായ രേഖകൾ ഹാജരാക്കിയില്ല</u>

1.)

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| പ്രോജക്ടിന്റെ പേര് | എഫ്.എച്ച്.സിയിലെ ദൈനംദിന ചെലവുകൾക്കുള്ള തുക<br>പ്രോജക്ട് നം. S0054/25 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| അടങ്കൽ | 4,00,000/- |
| ചെലവ് | 3,95,143/- |

മേൽ പദ്ധതി പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) ഉൾപ്പെടുത്തി ഫാമിലി ഹെൽത്ത് സെന്ററിന്റെ ദൈനംദിന ചെലവുകൾക്കായി 4,00,000/-രൂപ അനുവദിച്ചതിൽ 3,95,143/- രൂപ വിവിധ ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 07.09.2024 ലെ ബി.ആർ.എൻ.എം നം 24070952004400636943 പ്രകാരം 4,522/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

2.)

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| പ്രോജക്ടിന്റെ പേര് | ഫാമിലി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ<br>പ്രോജക്ട് നം. S0030/2025 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| അടങ്കൽ | 20,50,000 |
| ചെലവ് | 7,59,795/-<br>14,6112/- (ബി ആർ എൻ നം. 240709520044401605521/20.03.2025)<br>13,136/-(ബി ആർ എൻ നം. 240709520044401223549/25.01.2025)<br>1,32,049/-(ബി ആർ എൻ നം. 240709520044401223557/25.01.2025)<br>39,432/-(ബി ആർ എൻ നം. 240709520044401201216/20.01.2025)<br>2,23,209/-(ബി ആർ എൻ നം. 240709520044401201218/20.01.2025)<br>45,000/-(ബി ആർ എൻ നം. 240709520044401091990/26.12.2024)<br>18,000/-(ബി ആർ എൻ നം. 240709520044401026447/12.12.2024)<br>49,500/-(ബി ആർ എൻ നം. 240709520044400815200/23.10.2024) |

| | |
|---|---|
| | 29,501/-(ബി ആർ എൻ നം. 240709520044005l7626/08.08.2024)<br>63,856/-(ബി ആർ എൻ നം. 240709520044003S0353/08.07.2024) |

മേൽ പ്രോജക്ടിലുൾപ്പെടുത്തി ഫാമിലി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങുന്നതിനായി 08.07.2024 ലെ ബി.ആർ.എൻ.എം നം.240709520044003S0353 പ്രകാരം 63,856/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മരുന്ന് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ക്യാഷ് ബുക്ക് പരിശോധിച്ചതിൽ ടി തുക ഫാമിലി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങുന്നതിനായി ജൻ ഔഷധിയ്ക്ക് നൽകിയിട്ടുണ്ടെന്ന് മനസ്സിലാകുന്നു. എന്നാൽ ജൻ ഔഷധിയുടെ ഏത് ശാഖയിൽ നിന്നുമാണ് മരുന്നുകൾ വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമല്ല. കൂടാതെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ഏതൊക്കെ മരുന്നുകളാണ് വാങ്ങിയിട്ടുള്ളതെന്നും ആയത് സ്റ്റോക്ക് എൻട്രി നടത്തിയിട്ടുണ്ടോ എന്നും ഓഡിറ്റിന് ഉറപ്പ് വരുത്തുവാൻ സാധിച്ചില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/19.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 68,378/- (63,856 + 4522) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് വാങ്ങുന്നതിനായി ചെലവഴിച്ച തുകയെ സാധൂകരിക്കുന്ന ചെലവ് രേഖകളും മരുന്ന് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1- 27 പത്താംതരം തുല്യത – പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ - S0180/25 (സ്പിൽ ഓവർ)

അടങ്കൽ - 50,000/- (വികസനഫണ്ട് സാധാരണവിഹിതം)

ചെലവ് - BRN 240709520045015549471/15.3.25 – 24,300/-

നിർവ്വഹണം - എച്ച്.എം.ഗവ.എൽ.പി.എസ്.മംഗലം

പ്രോജക്ടിലുൾപ്പെടുത്തി പത്താംതരം തുല്യത പരീക്ഷയ്ക്കായി 9 പഠിതാക്കൾക്കായി ഫീസടച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇവർ പരീക്ഷയിൽ പങ്കെടുത്തതിനെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം – 7/17.9.25 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 24,300/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1- 28 അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യ കിറ്റ് - പദ്ധതി വിഹിതം പൂർണമായും ചെലവഴിച്ചില്ല

പ്രോജക്ട് നമ്പർ S0026/25

പ്രോജക്ടിന്റെ പേര് - അഗതി ആശ്രയ ഗുണഭോക്താക്കൾക്ക് ഭക്ഷ്യ കിറ്റ്

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ്

1 ) 2,00,000 രൂപ (TRN No. 240709000000009626/21.3.2025 , ബ്ലോക്ക് വിഹിതം )

2 ) 3,00,000 രൂപ (TRN No. 240709000000010143/30.3.2025 , ജില്ലാ പഞ്ചായത്ത് വിഹിതം )

മേൽ പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി 5 ലക്ഷം രൂപ (രണ്ട് ലക്ഷം ബ്ലോക്ക് വിഹിതം മൂന്നുലക്ഷം ജില്ലാ പഞ്ചായത്ത് വിഹിതം) സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ടി തുകയിൽ 3,59,979 രൂപ 2025-26 സാമ്പത്തിക വർഷത്തിൽ അഗതികൾക്ക് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവഹണത്തിനായി വകയിരുത്തുന്ന തുക ഇപ്രകാരം മുൻകൂറായി സി.ഡി.എസ്.ന്റെ അക്കൗണ്ടിലേക്ക് കൈമാറുന്ന രീതി ഒഴിവാക്കേണ്ടതാണ്. യഥാർത്ഥ ചെലവ് വരുന്ന മുറക്ക് മാത്രം തുക കൈമാറി നൽകേണ്ടതും വർഷാവസാനം ബാക്കി നിൽക്കുന്ന തുക ഏത് തദ്ദേശ സ്ഥാപനത്തിൽ നിന്നാണോ തുക ലഭിച്ചത് അവിടേക്ക് തന്നെ തിരികെ അടക്കേണ്ടതാണ്. സ്വലേഖ ചെലവ് പത്രികയിൽ 5,00,000 രൂപയും ചെലവായതായാണ് കാണിച്ചിട്ടുള്ളത്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.37/20.9.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക പൂർണമായും ചെലവഴിക്കാത്ത സാഹചര്യത്തിൽ ചെലവഴിക്കാതെ സി.ഡി.എസ്.ന്റെ അക്കൗണ്ടിൽ നിൽക്കുന്ന 1,40,021/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1- 29 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഒടുക്കിയില്ല**

വാർഷികധനകാര്യപത്രിക B-18 ഷെഡ്യൂൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 36,000/-രൂപ തിരികെ ഈടാക്കാനുണ്ട്. ഫെസ്റ്റിവൽ അഡ്വാൻസ് (വൗച്ചർ നം.22400407/ 11.09.24) കൈപ്പറ്റിയവരിൽ തുക തിരികെ ഒടുക്കുവാനുള്ള ജീവനക്കാരുടെയും ഈടാക്കാനവശേഷിക്കുന്ന തുകയുടെയും വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/12.09.25), ഇതിൽ 20,000/- (20.06.25 ൽ 12,000/- ; 29.05.25 ൽ 8000/-) രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്നും അവശേഷിക്കുന്ന തുക ഈടാക്കാൻ ബന്ധപ്പെട്ട ജീവനക്കാർക്ക് കത്ത് നൽകിയതായും അറിയിച്ചു. യഥാസമയം മുൻകൂർ തിരികെ ഒടുക്കാത്തവരിൽ നിന്നും തുക പലിശയുൾപ്പെടെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

**1- 30 ഹോമിയോ ആശുപത്രി നവീകരണം - സർവ്വേ റിപ്പോർട്ട് തയ്യാറാക്കി സ്ക്രാപ്പ് ലേലം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല**

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഹോമിയോ ആശുപത്രി നവീകരണം (പ്രോജക്ട് നം- SO144/25) എന്ന പ്രവൃത്തിയുടെ ഭാഗമായി 28.95 Kg സ്റ്റീൽ ( ഇനം നം. 16 ) പൊളിച്ചെടുത്തിരുന്നു. ഈ സ്റ്റീൽ അസിസ്റ്റന്റ് എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയതിന്റെയും ഈ റിപ്പോർട്ട് പ്രകാരം പൊളിച്ചെടുത്ത സ്റ്റീൽ ലേലം ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർക്കും സെക്രട്ടറിക്കും ഓഡിറ്റ് അന്വേഷണം – 22/18.9.25 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. പൊളിച്ചെടുത്ത സ്റ്റീൽ ലേലം ചെയ്ത് തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

**1- 31 മരാമത്ത് പ്രവൃത്തികളിൽ ഇൻഷുറൻസ് പോളിസി എടുക്കുകയോ പിഴ തുക ഈടാക്കുകയോ ചെയ്തിട്ടില്ല**

മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് നൽകിയിട്ടുള്ള Letter Of Acceptance ലെ Clause (6) പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കരാർ തുകയുടെ 0.5% നിരക്കിൽ, (മിനിമം 200000/- പരമാവധി 500000/- രൂപ) ഇൻഷുറൻസ് എടുക്കേണ്ടതാണെന്നും, പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത പക്ഷം കരാർ തുകയുടെ 0.2% നിരക്കിൽ ഫൈൻ ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1) ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവൃത്തിയിൽ ഇത്തരത്തിൽ ഇൻഷുറൻസ് എടുത്തിട്ടുള്ളതിന്റെ പോളിസി സർട്ടിഫിക്കറ്റ് രേഖകളോ, ഫൈൻ ഈടാക്കിയതിന്റെ രേഖകളോ ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. / പേര് | കരാറുകാരന്റെ പേര് | ഫണ്ടിനം | പി.എ.സി. / ഇൻഷുറൻസ് തുക | ഈടാക്കേണ്ട ഫൈൻ തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|---|---|
| SO165/25 വെട്ടത്ത് കടവ് ആലക്കോട്ട് ചിറ ക്ഷേത്രം റോഡ് റീടാറിംഗ് | കൃഷ്ണകുമാർ ആർ | മെയിന്റനൻസ് ഗ്രാന്റ് – റോഡ് വിഹിതം | 801433/- 2 ലക്ഷം | 1603/- | BRN 24070952008501330147/ 14.02.25 Rs.941541/- (ഫൈനൽ ബിൽ) |
| SO193/25 പത്തിശ്ശേരിൽ - എ.സി.പള്ളി റോഡ് ഡ്രൈയിനേജ് നിർമ്മാണം | ജയപ്രസാദ്.സി. | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 833569/- 2 ലക്ഷം | 1667/- | സാങ്ഷൻ ഓർഡർ നം. 262/31.8.24 – 779340/- (പാർട്ട് ബിൽ) |
| | | | | | |

| | | | | | |
|---|---|---|---|---|---|
| SO218/25 ആയുർവേദാ ആശുപത്രി മെയിന്റനൻസ് | ഗോപാലകൃഷ്ണ പിള്ള | വികസനഫണ്ട് സാധാരണ വിഹിതം | 708069/- 2 ലക്ഷം | 1416/- | BRN 24070952008501723245 /26.3.25 – 156191/- (പാർട്ട് ബിൽ ) |

ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 4,686/- രൂപ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിൽ നിർവ്വഹിച്ച നിരവധി പ്രവർത്തികൾക്ക് മതിയായ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാതെ ഫൈൻ ഈടാക്കി ക്രമീകരിച്ച് വരുന്നതായി കാണുന്നു. ഇത് മൂലം പ്രവർത്തികൾക്ക് ഇൻഷ്വറൻസ് ഇല്ലാതെ വരുന്നു എന്ന പ്രധാന അപാകത കൂടാതെ കരാറുകാർക്ക് ഇൻഷ്വറൻസ് ചെലവ് ഒഴിവാക്കാൻ സാധിക്കുകയും ചെയ്യുന്നു. ഇപ്രകാരം ഇൻഷ്വറൻസ് ഒഴിവാക്കി നൽകി ഫൈൻ ഈടാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് പേര് | കരാറുകാരന്റെ പേര് | പി.എ.സി | ഇൻഷ്വറൻസ് തുക |
|---|---|---|---|---|
| 1 | മാത്തിൽ കിഴക്കതിൽ റോഡ് ഡ്രെയിനേജ് & പിച്ചിംഗ് | കൃഷ്ണകുമാർ എസ്. | 11,92,240/- | 2 ലക്ഷം |
| 2 | SO166/25 അങ്കണവാടികളിൽ സോക്ക്പിറ്റ് നിർമ്മാണം | ഗോപാലകൃഷ്ണ | 4,35,202/- | 2 ലക്ഷം |
| 3 | ഉണിച്ചേരിൽ അമ്പലം കായൽവാരം റോഡ് കോൺക്രീറ്റിംഗ് | ഹരിപ്പാട് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ A1253 | 12,28,515 | 2 ലക്ഷം |
| 4 | S0201/25 ഹോമിയോ ആശുപത്രി നവീകരണം | സന്തോഷ് കെ. | 6,49,281 | 2 ലക്ഷം |

## 1- 32 കട്ടിൽ വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല

പ്രോജക്റ്റ് നമ്പർ S0100/25

പ്രോജക്റ്റിന്റെ പേര് - പട്ടികജാതി വൃദ്ധർക്ക് കട്ടിൽ

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് - 84,000 രൂപ ( TRN No. 240709000000009813/24.3.2025, വികസനഫണ്ട് എസ്.സി.പി)

മേൽ പ്രോജക്റ്റിലുൾപ്പെടുത്തി 20 കട്ടിലുകൾ ആർടിക്കോ, ആലപ്പുഴയിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം.115/2022/ത.സ്വ.ഭ.വ/28.5.2022 ഖണ്ഡിക 7.1.14(2) പ്രകാരം നിരാലംബരായ വൃദ്ധർക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും ആനുകൂല്യം അനുവദിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് സ.ഉ.(സാധാ)നം.195/2024/LSGD/23-1-24 പ്രകാരം ഭേദഗതി ഉത്തരവ് ഇറങ്ങിയിട്ടുണ്ട്. ആയതു പ്രകാരം അഗതി ആശ്രയ, അതിദരിദ്രർ, മാനസിക വെല്ലുവിളി നേരിടുന്നവർ അംഗങ്ങളായുള്ള കുടുംബങ്ങൾ എന്നിവരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 60 വയസ്സ് കഴിഞ്ഞവർക്കും മാറാരോഗം പിടിപെട്ട് കിടപ്പിലായവർ, ചലനശേഷി നഷ്ടപ്പെട്ടവർ എന്നിവർക്ക് പ്രഥമ പരിഗണന നൽകി പദ്ധതി നടപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ മേൽ സൂചിപ്പിച്ച വിഭാഗത്തിൽ ഉൾപ്പെടുന്നവരാണോയെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.37/20.9.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ മേൽ നിർദ്ദേശങ്ങൾ പാലിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1- 33 പുതിയ കെട്ടിടത്തിലേക്ക് ഓഫീസ് പ്രവർത്തനം മാറ്റിയില്ല, പഞ്ചായത്ത് ആർജ്ജിച്ച വസ്തുവകകൾ ആസ്തിയിൽ ഉൾപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്ന നിലവിലെ കെട്ടിടത്തിലെ സ്ഥലപരിമിതികൾ കാരണം ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനാവശ്യമായ സ്ഥലം വാങ്ങുന്നതിന് 11.02.25-ലെ ജി.ഒ (എം.എസ്.) നം.27/2025/LSGD/11.02.25 ഉത്തരവ് പ്രകാരം സർക്കാർ അനുമതി ലഭ്യമാക്കി, 27.03.25-ലെ 388/25 നം. വിലയാധാരപ്രകാരം 9ആർസ് 99ചതുരശ്രമീറ്റർ വിസ്തൃതിയിലുള്ള വസ്തുവും അതിൽ നിൽപ്പ് കെട്ടിടങ്ങളും പഞ്ചായത്ത് വാങ്ങിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കാര്യാലയവും സ്ഥാപനങ്ങളും പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് ജി.ഒ. (എം.എസ്.) നം.2169/2025/Lsgd/02.09.25 പ്രകാരം സർക്കാർ അനുമതിയും ലഭിച്ചിട്ടുണ്ട്. എന്നാൽ നിലവിലും ഓഫീസ് പ്രവർത്തിക്കുന്നത് പഴയ കെട്ടിടത്തിലാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (11/15.09.25) ലഭ്യമാക്കിയ മറുപടിയിൽ എത്രയും വേഗം ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റി ഓഡിറ്റിൽ വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു.

ടി വസ്തുവും അനുബന്ധകെട്ടിടങ്ങളും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൂടാതെ ആയുർവ്വേദ ആശുപത്രിയുടെ വികസനത്തിനായി വാങ്ങിയ 111/8-2 സർവ്വേനമ്പറിൽ പെട്ട 2.38ആർസ് വസ്തുവും പോക്ക് വരവ് ചെയ്ത് പഞ്ചായത്തിന്റെ പേരിൽ കൂട്ടി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 30/19.09.25) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് ആർജ്ജിച്ച വസ്തുവകകൾ ആസ്തിയിലുൾപ്പെടുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1- 34 ബയോ ബിൻ – നിർവഹണ രേഖകൾ പൂർണമല്ല

പ്രൊജക്റ്റ് നമ്പർ S0123/25

പ്രൊജക്റ്റിന്റെ പേര് - ബയോ ബിൻ

നിർവഹണം – വി.ഇ.ഒ

ചെലവ്

1 ) 727620/- ( ചെക്ക് നം .2133/28.3.25 , ശുചിത്വമിഷൻ ഫണ്ട് )

2 ) 225000/- (XVFC/24-25/P/75/29.3.25 , ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

3 ) 25000/- (ചെക്ക് നം .2139/29.3.25 ശുചിത്വമിഷൻ ഫണ്ട് )

ഈ പ്രൊജക്റ്റിന്റെ ഭാഗമായി 710 ബയോ കമ്പോസ്റ്റർ ബിന്നുകൾ ക്ലീൻ വേസ്റ്റ് കൺവേർഷൻ ആൻഡ് ബയോ കമ്പോസ്റ്റ് യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ഒരു ബിന്നിന് 1529.92 രൂപ നിരക്കിൽ ആകെ 10,86,243 രൂപ ചെലവഴിച്ചിട്ടുണ്ട്. ബിന്നുകൾ 710 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തു. പദ്ധതിയുടെ നിർവഹണത്തിന്റെ ഭാഗമായി 1,08,630 രൂപ ഗുണഭോക്തൃ വിഹിതം (10% നിരക്കിൽ) പിരിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ച തുക റിവേർഷൻ തുകയായി പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതത്തിന്റെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തി നിർവഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിതരണം നടത്തിയിട്ടുള്ള ബിന്നുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് തുടർ പരിശോധന നടത്തിയിട്ടുള്ളതിന്റെ രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി 8 രസീത് ബുക്കുകൾ ഉപയോഗിച്ചിട്ടുണ്ട് ( 29705 , 29706 , 29707 , 29708 , 29709 , 29710 , 10526 , 10527 ) ഇതിൽ 29709 എന്ന ബുക്കിലെ രസീത് നമ്പർ 18 മുതൽ 35വരെയുള്ള രസീതുകൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ ഡ്യൂപ്ലിക്കേറ്റ് കോപ്പി രസീത് ബുക്കിൽ സൂക്ഷിച്ചിട്ടില്ല. 153 രൂപ നിരക്കിലാണ് ഗുണഭോക്തൃ വിഹിതം പിരിച്ചിട്ടുള്ളത്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/17.9.25 ന് ലഭ്യമാക്കിയ മറുപടിയിൽ ക്യാൻസൽ ചെയ്ത രസീത് നമ്പർ 23 , 25 മുതൽ 34 വരെ ഉള്ളവയുടെ ഡ്യൂപ്ലിക്കേറ്റ് പരിശോധനക്ക് ഹാജരാക്കി ബാക്കിയുള്ള 6 രസീതുകളുടെ ഒറിജിനൽ, ഡ്യൂപ്ലിക്കേറ്റ് എന്നിവ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

വിതരണം നടത്തിയിട്ടുള്ള ബിന്നുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് ശുചിത്വമിഷൻ മാർഗ്ഗനിർദ്ദേശാനുസരണമുള്ള തുടർ നിരീക്ഷണങ്ങൾ ഉറപ്പാക്കേണ്ടതാണ്.

## 1- 35 ഗുണഭോക്തൃ വിഹിതം പൂർണമായും ചെലവഴിച്ചില്ല

പ്രൊജക്റ്റ് നമ്പർ S0096/25

പ്രൊജക്റ്റിന്റെ പേര് – ഗ്രോ ബാഗ് ചട്ടി - പച്ചക്കറി കൃഷി വികസനം

നിർവഹണം – കൃഷി ഓഫീസർ

മേൽ പദ്ധതിയുടെ അടിസ്ഥാനത്തിൽ ഗാർഡൻ പോട്ട് വിത്ത് ഓർഗാനിക് മിക്സ്ചർ ആന്റ് സീഡ് ലിംഗസ് റെയിഡ്കോയിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പൂച്ചട്ടിയുടെ ഇൻവോയിസിൽ ചട്ടിയുടെ

സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖയിൽ 10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടി എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ച 5,04,252 രൂപയിൽ 5,03,100 രൂപ ചെലവഴിച്ചിട്ടുണ്ട്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 3/12.9.2025 ന് നൽകിയ മറുപടിയിൽ 10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടി 81 രൂപ നിരക്കിലാണ് വാങ്ങിയിട്ടുള്ളതെന്നും യൂണിറ്റ് കോസ്റ്റിനേക്കാൾ കുറഞ്ഞ നിരക്കിലാണ് വാങ്ങിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ അവശേഷിക്കുന്ന തുക 1,152 രൂപ ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നത് ആണെന്നും മറുപടി നൽകി.

കാർഷിക ആവശ്യത്തിനായി പൂച്ചട്ടി വാങ്ങുമ്പോൾ അത് പദ്ധതി മാർഗ്ഗനിർദ്ദേശത്തിനനുസൃതമായ സ്പെസിഫിക്കേൻ പാലിക്കുന്നുണ്ടെന്നും ആയത് ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും അപ്രകാരം ചെലവ് രേഖകൾ സുതാര്യമായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

പഞ്ചായത്ത് ഫണ്ടിൽ ബാദ്ധ്യതയായി നിൽക്കുന്ന ഗുണഭോക്തൃ വിഹിതം ഇനത്തിൽ അവശേഷിക്കുന്ന തുക 1,152 രൂപ ഗുണഭോക്താക്കൾക്ക് തിരികെ നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1- 36 പ്രവൃത്തി പൂർത്തീകരണം - നിയമാനുസൃത പിഴ ഒഴിവാക്കി നൽകുന്നു

ജി.ഒ. (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒരുതവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ തന്വർഷം നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവർത്തികളിൽ പൂർത്തീകരണകാലയളവ് പഞ്ചായത്ത് കമ്മറ്റി പിഴ ഒഴിവാക്കി ദീർഘിപ്പിച്ച് നൽകുന്നതായി കാണുന്നു. ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 35/19.9.25 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയം ഓഡിറ്റ് സമാപനയോഗത്തിൽ ചൂണ്ടികാണിച്ചപ്പോൾ ഭൂപ്രകൃതിയുടെയും കാലാവസ്ഥാവ്യതിയാനത്തിന്റേയും ഭാഗമായി വേലിയേറ്റം മൂലവും മറ്റും പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കാൻ കരാറുകാർക്ക് സാധിക്കാൻ കഴിയാതെ വന്നത് പഞ്ചായത്ത് കമ്മിറ്റിക്ക് നേരിട്ട് ബോധ്യമുള്ളതിനാലാണ് ഇത്തരത്തിൽ പിഴ ഒഴിവാക്കി നൽകിയതെന്ന് വൈസ് പ്രസിഡന്റ് അറിയിക്കുകയുണ്ടായി. ഈ മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും യഥാസമയം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവർത്തികളിൽ നിന്ന് ഭാവിയിൽ ജി.ഒ.(എം.എസ്) 21/24/PWD തീ. 2.4.24 ലെ ഉത്തരവിന് വിധേയമായി ലിക്വിഡേറ്റഡ് ഡാമേജ് ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്റ്റ് പേര് | കരാറുകാരന്റെ പേര്,പി.എ.സി, പ്രവർത്തി ആരംഭിച്ച തീയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തീയതി, മാസം | പൂർത്തിയാക്കിയ തീയതി | കാല താമസം | ഫൈനൽ ബിൽ നം., തീയതി, തുക |
|---|---|---|---|---|---|---|
| 1 | മഠത്തിൽ കിഴക്കതിൽ റോഡ് ഡ്രൈയിനേജ് & റീടൈയിനിങ് വാൾ | ഷാജി കുമാർ എസ്. 1192240/- 16.11.23 | 16.5.23 | 21.3.25 | 96 ആഴ്ച 4 ദിവസം | BRN24070952008501686056/25.3.25 - 166126/- |
| ഓ2 | വെട്ടത്ത് കടവ് - | ഷാജി | 16.5.23 | 30.1.25 | 89 ആഴ്ച 3 | BRN24070952008501330147/14.2.25 - |

| | | | | | | |
|---|---|---|---|---|---|---|
| | ആലംകോട്ട് ചിറ ക്ഷേത്രം റോഡ് | കുമാർ എസ്. 801433/- 16.11.23 | | | ദിവസം | 941541 |
| 3 | വെട്ടത്ത് കടവ് ജെട്ടി - മുലശ്ശേരിൽ റോഡ് റിനവേഷൻ | ഷെരീഫ് എ 942434/- 10.4.23 | 10.7.23 | 24.3.25 | 89 ആഴ്ച ദിവസം | BRN2407095200850169933 5/25.3.25 – 648114/- |
| 4. | ചുളയത്തറവ് - വെമ്പല റോഡ് റീടാറിംഗ് | രഞ്ജി കുമാർ എസ്. 1365848/- 16.11.23 | 16.6.24 | 3.2.25 | 33 ആഴ്ച 2 ദിവസം | BRN24070952008501330148/14.2.25 - 1577353/- |

## 1- 37 ജി.എസ്.റ്റി. സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തില്ല

കേന്ദ്ര ധന മന്ത്രാലയത്തിന്റെ 13.9.2018 ലെ വിജ്ഞാപനം നം.50/2018 സെൻട്രൽ ടാക്സ് പ്രകാരം ചരക്ക് സേവന നികുതി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുമ്പോൾ കരാർ തുക 2,50,000/- രൂപയിൽ അധികമാണെങ്കിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്ന് 2% തുക ജി.എസ്.റ്റി. ഇനത്തിൽ കുറവ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 8.9.2020-ലെ 1/87/2019 നമ്പർ സർക്കുലർ പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും ജി.എസ്.ടി. ടി.ഡി.എസ്. ഡിഡക്ടർ രജിസ്ട്രേഷൻ എടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകളിലുൾപ്പെടുത്തി നടത്തിയ വാങ്ങലുകളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല

1. പ്രോജക്ട് നമ്പർ - S040/25 (സ്പിൽ ഓവർ)

പ്രോജക്ടിന്റെ പേര് – മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ്

അടങ്കൽ - 11,50,000/- (വികസനഫണ്ട് സാധാരണവിഹിതം)

ചെലവ് - 11,25,000/-

BRN – 2407092012901588285/19.3.25 (ബ്രൈറ്റ് പേർസ് അഡ്വാൻസർ സപ്പോർട്സ്, ആലപ്പുഴയിൽ നിന്ന് 30 ഏസർ ലാപ്ടോപ്പുകൾ വാങ്ങി മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിതരണം ചെയ്തു)

2. പ്രോജക്ട് നമ്പർ - S035/25 (ന്യൂ)

പ്രോജക്ടിന്റെ പേര് – മത്സ്യത്തൊഴിലാളികൾക്ക് വാട്ടർ ടാങ്ക്

അടങ്കൽ - 9,00,000/- (675000വികസനഫണ്ട് സാധാരണവിഹിതം + 225000 ഗുണഭോക്തൃവിഹിതം)

ചെലവ് - BRN 240709520129015754 95/18.3.25 – 1,37,700/-

BRN 240709520129016216 48/21.3.25 – 1,37,700/-

BRN 24070952012906875 73/25.3.25 – 2,75,400/-

ചെക്ക് നമ്പർ - 17438/28.3.25 - 1,37,700 /-

(മത്സ്യത്തൊഴിലാളികൾക്കായി 392 വാട്ടർ ടാങ്കുകൾ (@ 2295 ) ഫോർട്ട് പോളി പ്രോഡക്ട്സ്, പാലക്കാട് നിന്നും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്)

ക്രമ നമ്പർ 1 ലെ കരാർ സ്ഥാപനമായ ബ്രൈറ്റ് പേർസ് അഡ്വാൻസർ സപ്പോർട്സ്, ആലപ്പുഴയ്ക്ക് അനുവദിച്ച തുകയിൽ നികുതിബാധകമായ തുകയായ 9,22,500/- രൂപയുടെ 2% ആയ 18,450/- രൂപയും ക്രമനമ്പർ 2 ലെ കരാർ സ്ഥാപനമായ ഫോർട്ട് പോളി പ്രോഡക്ട്സ്, പാലക്കാടിന് അനുവദിച്ച തുകയിൽ നികുതിബാധകമായ തുകയായ 5,64,570/- രൂപയുടെ 2% ആയ 11,291/- രൂപയും ജി.എസ്.റ്റി. ടി.ഡി.എസ് ഇനത്തിൽ ഈടാക്കി ജി.എസ്.റ്റി. വകുപ്പിലേക്ക് അടക്കേണ്ടതായിരുന്നു. എന്നാൽ ഈ തുക ഈടാക്കിയിട്ടില്ല. ജി.എസ്.ടി. ടി.ഡി.എസ്. ഡിഡക്ടർ

രജിസ്ട്രേഷൻ എടുക്കാൻ നടപടി സ്വീകരിക്കേണ്ടതും മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ജി.എസ്.ടി. ടി.ഡി.എസ് ഈടാക്കി ജി.എസ്.ടി വകുപ്പിലേക്ക് അടക്കേണ്ടതും വിവരം ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 1- 38 ഹെൽത്ത് ഗ്രാന്റ് അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമിക ആരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ആരോഗ്യ മേഖല ഗ്രാന്റുകൾ നൽകണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. രോഗനിർണ്ണയ സൗകര്യങ്ങൾ സ്ഥാപിക്കുന്നതും ഗ്രാമീണ ആരോഗ്യ കേന്ദ്രങ്ങളെ ആരോഗ്യ ക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റുന്നതും ഉൾപ്പെടെയുള്ള ആരോഗ്യ സംരക്ഷണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ഈ ഗ്രാന്റുകൾ ഉദ്ദേശിക്കുന്നത്. ഗ്രാമപഞ്ചായത്തിന് ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| സ്കീം | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|
| സ്കീം-3 | 2,64,733 | 9,65,000 | 200000 | 472970 |
| സ്കീം-4 | 1,35,000 | 4,09,000 | 650000 | 713739 |

2) നാളിതുവരെ ചെലവഴിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം

| സ്കീം | 2021-22 | 2022-23 | 2023-24 | 2024-25 |
|---|---|---|---|---|
| സ്കീം-3 | 2,62,879 | 9,64,969 | 102355 | 743649 |
| സ്കീം-4 | 1,34,870 | 4,08,922 | 372158320100202 | 423397 |

2021-22, 2022-23 വർഷങ്ങളിൽ ലഭിച്ച ആരോഗ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ലാബ് ഉപകരണങ്ങൾ, റീയേജന്റുകൾ , ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിന് 5,26,407/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഗ്രാമീണ പി.എച്ച്.സി കളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നതിന് 3,08,282/- രൂപയും വിനിയോഗിച്ചിട്ടുണ്ട്. ലഭിച്ച ആരോഗ്യ ഗ്രാന്റിന്റെ ഭൂരിഭാഗവും ചെലവഴിച്ചിട്ടുണ്ട്. ഈ വിനിയോഗം വഴി ലാബ് പരിശോധനകളുടെ നിലവാരം മെച്ചപ്പെട്ടതും രോഗികൾക്കും സ്റ്റാഫിനും സൗഹൃദപരമായ അന്തരീക്ഷം ഒരുക്കപ്പെട്ടതും പ്രത്യേകിച്ച് ശ്രദ്ധിക്കപ്പെടുന്നു. എന്നാൽ ഈ തുക വകയിരുത്തി നിർമ്മാണ പദ്ധതികൾ ഒന്നും നടപ്പാക്കിയിട്ടില്ല. ആരോഗ്യ മേഖലയുടെ വികസനത്തിനായി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനും ആവശ്യമായ പദ്ധതികൾ രൂപകല്പന ചെയ്ത് നടപ്പിലാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-39 ജൽജീവൻ പദ്ധതി അവലോകനം

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ജൽജീവൻ പദ്ധതിയുടെ നിർവഹണം സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിൽ നിന്ന് വിശദാംശം ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16 KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16 KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## <u>3-1 കറവ പശുക്കൾക്ക് കാലിത്തീറ്റ - സബ്സിഡിയിനത്തിൽ അധിക തുക അനുവദിച്ചു</u>

പ്രോജക്ട് നമ്പർ S0022/25

പ്രോജക്ടിന്റെ പേര് - കറവ പശുക്കൾക്ക് വേനൽക്കാല കാലിത്തീറ്റ

നിർവഹണം - വെറ്ററിനറി സർജൻ

ചെലവ്

1 ) 2,96,940 രൂപ (Utr No.RBI0742501642696/14.3.25 , വികസന ഫണ്ട് ജനറൽ)

2 ) 2,96,940 രൂപ (Utr No.RBI0832514125853/24.3.25 , വികസന ഫണ്ട് ജനറൽ)

3 ) 2,96,940 രൂപ (ചെക്ക് നം. 17438/28.3.25 , ഗുണഭോക്തൃ വിഹിതം)

മേൽ പ്രോജക്ടിലുൾപ്പെടുത്തി 392 ബാഗ് കാലിത്തീറ്റ 1,515 രൂപ/ബാഗ് നിരക്കിൽ കേരള ഫീഡ്സ്, കരുനാഗപ്പള്ളിയിൽ നിന്നും വാങ്ങി ക്ഷീരകർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം.115/2022/ത.സ്വ.ഭ.വ/28.5.2022 ഖണ്ഡിക 6.3.16 പ്രകാരം 50% തുക പദ്ധതി വിഹിതവും 50% തുക ഗുണഭോക്തൃവിഹിതവുമായാണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ ഈ നിബന്ധന പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ഈ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് വികസന ഫണ്ടിൽ നിന്നും 5,93,880 രൂപയും ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചിട്ടുള്ള 2,96,940 രൂപയും കേരള ഫീഡ്സിന് നൽകിയിട്ടുണ്ട്. എന്നാൽ കേരള ഫീഡ്സ് 5,93,880 രൂപയുടെ കാലിത്തീറ്റ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. ആയതിനാൽ കേരള ഫീഡ്സിന് അധികം അനുവദിച്ച 2,96,940 രൂപ ഈ സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

അധികതുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/20.9.2025 ) മറുപടി ലഭ്യമാക്കിയില്ല.
കേരള ഫീഡ്സിൽ നിന്ന് വാങ്ങിയ കാലിത്തീറ്റയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നം. | കാലിത്തീറ്റയുടെ അളവ്, നിരക്ക് | ആകെ തുക |
|---|---|---|
| KFLP1-24-25-038468/5.2.25 | 102 Bag , (1515/Bag) | 1,54,530 |
| KFLP1-24-25-038469/5.2.25 | 62 Bag , (1515/Bag) | 93,930 |
| KFLP1-24-25-038470/5.2.25 | 32 Bag , (1515/Bag) | 48,480 |
| KFLP1-24-25-044500/14.3.25 | 102 Bag , (1515/Bag) | 1,54,530 |
| KFLP1-24-25-044502/14.3.25 | 32 Bag , (1515/Bag) | 48,480 |
| KFLP1-24-25-044501/14.3.25 | 62 Bag , (1515/Bag) | 93,930 |

# <u>ഭാഗം -4</u>

# <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## <u>4-1 മെഡിസെപ് - വിവരശേഖരണം</u>

| 01.04.2024- മുൻപ് സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം | | | | |
|---|---|---|---|---|
| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (2024-25) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നില്ക്കുന്ന തുക | റിമാർക്സ് |
| 14 | 77,500 | 77,500 | 0 | 04/24ൽ 11 ജീവനക്കാരുടെയും 05/24,06/24,10/24 ൽ 14 |

| | | | | |
|---|---|---|---|---|
| | | | | ജീവനക്കാരുടെയും 02/24,03/24ൽ 12 ജീവനക്കാരുടെയും മറ്റ് മാസങ്ങളിൽ 13 ജീവനക്കാരുടെയും പ്രീമിയം ഈടാക്കി അടച്ചു |

**01.04.2024-** മുതൽ **30.06.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം

ഇല്ല

**01.07.2024-** മുതൽ **31.07.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം

ഇല്ല

| **01.08.2024-** മുതൽ **31.03.2025** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം | | | | | |
|---|---|---|---|---|---|
| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (7/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശിക ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നില്ക്കുന്ന തുക | റിമാർക്സ് |
| 2 | 01.10.2025 &12.03.25 | 3000 + 500 = 3500/- | 3,500/- | 0 | |

**4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം**

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 54,004 | പാലിന് സബ്സിഡി | 54,004 | 0 |
| | | 2,00,000 | അഗതി ആശ്രയ | 2,00,000 | 0 |
| | | 6,00,000 | ലൈഫ് ഭവന പദ്ധതി (G) | 6,00,000 | 0 |
| | | 1,25,000 | അനുപൂരക പോഷകാഹാരം | 1,25,000 | 0 |
| | | 3,99,082 | പാലിയേറ്റീവ് കെയർ | 3,99,082 | 0 |
| | | 4,40,940 | ഭിന്നശേഷി സ്കോളർഷിപ്പ് | 4,40,940 | 0 |
| | | 10,00,000 | ലൈഫ് ഭവന പദ്ധതി(SC) | 10,00,000 | 0 |
| | | 1,25,550 | കോവിഡ് 19 പ്രതിരോധ പ്രവർത്തനം | 1,25,550 | 0 |
| ആകെ | | 29,44,576 | | 29,44,576 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 3,00,000 | അഗതി ആശ്രയ | 3,00,000 | 0 |
| | | 1,49,830 | ഭിന്നശേഷി സ്കോളർഷിപ്പ് | 1,49,830 | 0 |
| | | 1,00,000 | അനുപൂരക പോഷകാഹാരം | 1,00,000 | 0 |
| | | 50,000 | പാലിന് സബ്സിഡി | 50,000 | 0 |
| | | 5,43,948 | സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ | 5,43,948 | 0 |
| ആകെ | | 11,43,778 | | 11,43,778 | |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| അനെർട്ട് | കൊച്ചിയുടെ ജെട്ടി പാലത്തിൽ ലൈറ്റ് സ്ഥാപിക്കൽ- S0278/25 | RBI08530677633/25.03.25 | 4,15,700/- | 0 | 4,15,700/- |
| | പൊതുവള്ളം അടുക്കുന്ന സ്ഥലങ്ങളിൽ സോളാർലൈറ്റ് സ്ഥാപിക്കൽ- S0091/25 | XVFC/24-25/P/64/24.03.25 | 4,50,000 | 0 | 4,50,000 |
| | | XVFC/24-25/P/71/28.03.25 | 25,086 | 0 | 25,086 |
| | നല്ലാണിക്കൽ സ്കൂളിന് സോളാർ പാനൽ സ്ഥാപിക്കൽ- S0212/25 | RBI0432526026725/11.02.25 | 2,33,750/- | 0 | 2,33,750/- |
| | ബഡ്സ് സ്കൂളിൽ സോളാർ പാനൽ സ്ഥാപിക്കൽ - S0219/25 | 240709000000008129/11.02.25 | 2,50,250/- | 0 | 2,50,250/- |
| ഇറിഗേഷൻ വകുപ്പ് | തോടുകളും കുളങ്ങളും മാലിന്യമുക്തമാക്കലും സംരക്ഷണവും - S0250/25 | RBI0892543445876/30.03.25 | 5,00,000/- | 0 | 5,00,000/- |
| | കൊച്ചുകിഴക്കതിൽ തോട്, വാർഡ് 7 | | | | |
| | പഞ്ചായത്ത് തോട്, വാർഡ് 12 | RBI0892543445875/30.03.25 | 4,00,000/- | 0 | 4,00,000/- |
| | പള്ളിക്കടവ് തോട്, വാർഡ് 13 | RBI0892543445877/30.03.25 | 5,50,000/- | 0 | 5,50,000/- |
| | ഇടശ്ശേരിക്കാട്ടിൽ അകളകായൽ തോട് വാർഡ് 13,14 | RBI0892543445878/30.03.25 | 10,50,000/- | 0 | 10,50,000/- |
| കെഎസ്ഇബി | പൊതുമരാമത്ത് പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ - S0083/25 | RBI2682412036431/24.09.24 | 37,743/- | 0 | 37,743/- |
| | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -S00 67/25 | RBI0802511543334/21.03.25 | 2,33,700/- | 0 | 2,33,700/- |
| | | RBI0722599629512/13.03.25 | 3,16,300/- | 0 | 3,16,300/- |
| | | 240709000000009623/21.03.25 | 5,43,948 | 0 | 5,43,948 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

RBI2962480780498/21.10.24 4,47,468 0 4,47,468

തൻവർഷം ഈയിനത്തിൽ ചെലവായിട്ടില്ല

## 4-5 വായ്പ /വായ്പതിരിച്ചടവ്

-S0150/25 RBI13512497980670/14.12.24 1,00,000 0 1,00,000

| വായ്പയുടെ പേര് ഉദ്ദേശം | | | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | വാർഡ് 18- എസ് ... കുളം ... നിർമ്മാണം | XVFC/24-25/P/44/13.03.25 | 6,30,000/- | | 0 | 6,30,000/- |
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഹഡ്കോ ലോൺ | GO(Ms)No.688/2019/LSGD Dtd 22.03.2019 | XVFC/24-25/P/62/21.03.25 | 70,000/- | | 0 | 70,000/- |
| | | 1,10,96,097 | 2,32,151 | 16,96,701 | 0 | 96,31,547 |
| | | | | 62,53,945 | 0 | 62,53,945 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,18,60,244 |
| തൻവർഷം ലഭിച്ച പലിശ | 8,68,350 |
| ആകെ | 1,27,28,594 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1,27,28,594 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 300/- രൂപയുടെ വിശദാംശങ്ങൾതാഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|
| 2021-22 | 1-10 | 300 | ശ്രീമതി ഷീല, പിറ്റിഎസ്, കൃഷിഭവൻ | 1240400047/24.04.2024 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,49,80,785 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,47,36,642 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 2,96,940 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,43,00,659 |

*ബി-യിലേയും സി-യിലേയും ആകെ തുക

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവിനങ്ങളിലെ നഷ്ടം | ചെലവിനങ്ങളിലെ നഷ്ടം | |
| 3-1/1-16 | | 2,96,940 | ഡോക്ടർ ദിവ്യ ആർ.തങ്കം, വെറ്ററിനറി സർജൻ |
| ആകെ | | 2,96,940 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,50,000 | ശ്രീ. പ്രകാശ് കെ., സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് |
| 1- 18 | 75,000 | ശ്രീമതി സിന്ധു ആർ. ദാസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 5,47,468 | ശ്രീ.റ്റി.ഡി.ഹരികുമാർ, സെക്രട്ടറി |
| 1-20 | 64,59,000 | ശ്രീ.റ്റി.ഡി.ഹരികുമാർ, സെക്രട്ടറി |
| 1-21 | 53,06,477 | ശ്രീ.റ്റി.ഡി.ഹരികുമാർ, സെക്രട്ടറി |
| 1-22 | 7,00,000 | ശ്രീ.റ്റി.ഡി.ഹരികുമാർ, സെക്രട്ടറി |
| 1-24 | 8,30,015 | ശ്രീ.റ്റി.ഡി.ഹരികുമാർ, സെക്രട്ടറി |
| 1-26 | 68,378 | ഡോ.ഷെറിൻ എം., അസിസ്റ്റന്റ് സർജൻ, എഫ്.എച്ച്.സി |
| 1-27 | 24,300 | ശ്രീമതി സുബൈദ, എച്ച്.എം. ഗവ.എൽ.പി.എസ്. മംഗലം |
| 1-28 | 1,40,021 | ശ്രീമതി സിന്ധു ആർ. ദാസ്, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1,43,00,659 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഇന വിവരം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-37 | 29,741 | ജി.എസ്.റ്റി. – റ്റി.ഡി.എസ്. | ശ്രീ.പ്രകാശ് കെ., സബ് ഇൻസ്‌പെക്ടർ ഓഫ് ഫിഷറീസ് |
| ആകെ | 29,741 | | |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റ്റി.ഡി.ഹരികുമാർ, സെക്രട്ടറി | സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | മൈതട്ടിൽ, നീലികുളം, കലശേഖരപുരം പി.ഒ., കരുനാഗപ്പള്ളി, കൊല്ലം പിൻ- 690544 |

| | | |
|---|---|---|
| ശ്രീമതി ശ്രീദേവി ആര്‍. | വില്ലേജ് എക്സ്റ്റന്‍ഷന്‍ ഓഫീസര്‍ (ആറാട്ടുപുഴ സര്‍ക്കിള്‍) | കല്ലത്, കണ്ടല്ലൂര്‍ തെക്ക് പി.ഒ., കായംകുളം, ആലപ്പുഴ |
| ശ്രീ.പ്രകാശ് കെ. | സബ് ഇന്‍സ്പെക്ടര്‍ ഓഫ് ഫിഷറീസ് (വിരമിച്ചു) | ഹരിശ്രീ, കല്ലേലിഭാഗം പി.ഒ., കരുനാഗപ്പള്ളി, കൊല്ലം |
| ഡോ.ഷെറിന്‍ എം. അസിസ്റ്റന്റ് സര്‍ജന്‍ | അസിസ്റ്റന്റ് സര്‍ജന്‍, എഫ്.എച്ച്.സി.ആറാട്ടുപുഴ | വെള്ളത്തോട്ടത്ത് ഹൌസ്, ഐക്യ ജംഗ്ഷന്‍, കീരിക്കാട് സൌത്ത്, കായംകുളം, ആലപ്പുഴ |
| ശ്രീമതി സിന്ധു ആര്‍. ദാസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമപഞ്ചായത്ത് | ശ്രീനാരായണ ഗുരുമംഗലം, കാര്‍ത്തികപ്പള്ളി പി.ഒ., ആലപ്പുഴ പിന്‍-690516 |
| ഡോക്ടര്‍ ദിവ്യ ആര്‍.തങ്കം, വെറ്ററിനറി സര്‍ജന്‍ | വെറ്ററിനറി സര്‍ജന്‍, വെറ്ററിനറി ഡിസ്പെന്‍സറി, കുമാരപുരം | ദേവരാഗം, കുട്ടിച്ചിറ, പള്ളിക്കല്‍ പി.ഒ., കായംകുളം, ആലപ്പുഴ |
| ശ്രീമതി സുരൈഖ, എച്ച്.എം.ഗവ.എല്‍.പി.എസ്. മംഗലം | എച്ച്.എം.ഗവ.എല്‍.പി.എസ്. മംഗലം | വാല്യംപറമ്പില്‍, ആറാട്ടുപുഴ (നോര്‍ത്ത്), ആലപ്പുഴ |

## 4-11 തീര്‍പ്പാക്കാന്‍ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോര്‍ട്ടുകള്‍

| ഓഡിറ്റ് വര്‍ഷം | ഈ വകുപ്പില്‍ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87 | എല്‍.എഫ്.എ.1486/89/10.03.90 |
| 1987-88 | എല്‍.എഫ്.എ.1570/90/06.02.91 |
| 1988-89 | എല്‍.എഫ്.എ.730/91/12.8.92 |
| 1989-90 | എല്‍.എഫ്.എ.564/92/18.08.92 |
| 1990-91,1991-92 | എല്‍.എഫ്.എ.1057/93/05.11.95 |
| 1992-93 | എല്‍.എഫ്.എ.1216/94/17.01.95 |
| 1993-94 | എല്‍.എഫ്.എ.116/98/5.3.96 |
| 1994-95, 1995-96 | എല്‍.എഫ്.എ5/58/98/26.0.98 |

| | |
|---|---|
| 1996-97 (ചെലവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 1996-97 (വരവ്) | എൽ.എഫ്.എ5/667/98/11.08.2000 |
| 997-98 (ചെലവ്) | എൽ.എഫ്.എ10/1209/00/17.03.01 |
| 1997-98 (വരവ്) | എൽ.എഫ്.എ8/594/05/8.2.06 |
| 1998-99 | എൽ.എഫ്.എ8/118/02/7.12.02 |
| 1999-2000 (ചെലവ്) | എൽ.എഫ്.എ8/1413/03/13.4.04 |
| 2000-01 | എൽ.എഫ്.എ8/1414/03/13.04.04 |
| 2001-02 | എൽ.എഫ്.എ13/375/08/17.12.08/13.01.09 |
| 2002-03 | എൽ.എഫ്.എ13/380/08/19.12.08/19.01.09 |
| 2003-04 | എൽ.എഫ്.എ13/381/88/19.12.08/16.01.09 |
| 2004-05 | എൽ.എഫ്.എ13/393/08/7.4.09 |
| 2005-06, 2006-07(ചെലവ്) | എൽ.എഫ്.എ13/483/09/8.5.09 |
| 2006-07 (വരവ്) | എൽ.എഫ്.എ.13/549/10/31.01.2011 |
| 2007-08 | എൽ.എഫ്.എ13/550/10/31.01.2011 |
| 2008-09, 2009-10, 2010-11 | എൽ.എഫ്.എ.പി4.1068/2012, തീയതി, 12.12.12/08.03.13 |
| 2011-12, 2012-13 | എൽ.എഫ്.എ.പി14/1839/2014/ 10.02.15 |
| 2013-14 | എൽ.എഫ്.എ.പി4/671/15/4.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി-പി4-745/16, 16.07.2016 |
| 2015-16, 2016-17, 2017-18 | അദാലത്ത് റിപ്പോർട്ട് നം.കെ.എസ്.എ-എ.എൽ.പി-പി9-1318/22, തീയതി 02.05.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി9- 793/2020 തീയതി 12.01.2021 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി9-1051/2021 തീയതി 19.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/പി9/1052/2021 തീയതി 19.03.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/പി9/72/2023 തീയതി 23.03.2023 |
| 2022-23 | കെ.എസ്.എ-എ.എൽ.പി/പി9/1444/2023 തീയതി 21.12.2023 |
| 2023-24 | കെ.എസ്.എ-എ.എൽ.പി/പി9/1076/2024 തീയതി 19.12.2024 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 03-05-2025 and submitted on 13-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Aarattupuzha Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Aarattupuzha Grama Panchayat as on 31-03-2025

**Date: 21/11/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Aarattupuzha Grama Panchayat for the Year 2024-2025.

### 1.Major Observations

Water charge arrear amount as on 31.03.2025 not included as liability in Balancesheet

### 2.Other Observations

1. Amount for deposit works not accounted properly.
2. Asset register not updated.
3. Liabilities inrespect of Joint venture project does not match with the treasury account opened for the

specified grant account.
4. Ratios, financial statement not produced for audit.

Deputy Director

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്